UNIVERSITY OF KERALA
कर्मणि व्यज्यते प्रज्ञा

# കളരി

31
ഡിസംബർ
2024
VOL : 47 | ISSUE : 01

കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം

dcjku.com | dcjkerala@gmail.com | communicationandjournalism@keralauniversity.ac.in


## മാധ്യമ രംഗത്തെ മത്സരം വാർത്തകളെ വിനോദവത്കരിച്ചു: ജോൺ ബ്രിട്ടാസ് എം പി

**സീതാലക്ഷ്മി പി ബി**



*കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് എംപി ഡോ. ജോൺ ബ്രിട്ടാസ് സംസാരിക്കുന്നു*

**കാര്യവട്ടം:** മാധ്യമ രംഗത്തെ മത്സരം കാമ്പും കഴമ്പുമുള്ള വാർത്തകളെ അപ്രത്യക്ഷമാക്കുകയും, വാർത്തകളെ വിനോദവത്കരിക്കുകയും ചെയ്തതായി ഡോ.ജോൺ ബ്രിട്ടാസ് എം. പി.

മനസ്സിന്റെ വ്യവസായമായ മാധ്യമമേഖലയിൽ ഓരോ മാധ്യമ പ്രവർത്തകനും സൂക്ഷ്മതയും, കൃത്യതയും, സാമൂഹികാവബോധവും, ചരിത്ര ധാരണയും, രാഷ്ട്രീയ നിലപാടും ആവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസ്സിലെ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിൽ, എംപി പദ്ധതി പ്രകാരം ലഭിച്ച കമ്പ്യൂട്ടർ ഉപകരണങ്ങളുടെ പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിൽ നടന്ന ചടങ്ങിൽ കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.മോഹനൻ കുന്നുമ്മൽ അധ്യക്ഷത വഹിച്ചു.കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പ് മേധാവി ഡോ.രാജേഷ് കുമാർ ബി എം സ്വാഗതം ആശംസിച്ചു. സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. മുരളീധരൻ പിള്ള ജി ഡോ.നസീബ്. എസ് അഹമ്മദ് ഫാസിൽ. വൈ, സർവകലാശാല രജിസ്ട്രാർ ഡോ. കെ. എസ് അനിൽ കുമാർ, ക്യാമ്പസ് ഡയറക്ടർ പ്രൊഫ. ഡോ. ജോസുകുട്ടി സി .എ, ഡിപ്പാർട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ ജനറൽ സെക്രട്ടറി കാർത്തിക. എസ് ഡിസിജെ അലുമിനി അസോസിയേഷൻ സെക്രട്ടറി ജോ ജോസഫ് എന്നിവർ സംസാരിച്ചു.

## ശ്രദ്ധ നേടി ഐഎഫ്എഫ്കെ ഫേവറൈറ്റ്സ് പാക്കേജ്

**സീതാലക്ഷ്മി പി ബി**

**തിരുവനന്തപുരം:**തലസ്ഥാന നഗരിയിൽ ഡിസംബർ 13 മുതൽ 20 വരെ നടക്കുന്ന കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ ഇടം നേടി ജനപ്രിയ ചിത്രങ്ങൾ. ലോക ചലച്ചിത്രമേളകളിൽ ജനശ്രദ്ധ ആകർഷിച്ച 13 ചിത്രങ്ങളാണ് ഐ എഫ് എഫ് കെ യിൽ പ്രദർശിപ്പിച്ചത്.

ദി ഗേൾ വിത്ത് ദി നീഡിൽ, വേർമീഗ്ലിയോ, അനോറ, ഐ ആം സ്റ്റിൽ ഹിയർ, മീറ്റിംഗ് വിത്ത് ദി പോൾ പോട്ട്, ദി റൂം നെക്സ്റ്റ് ഡോർ, ഗ്രാൻഡ് ടൂർ, കോട്ട് ബൈ ദി ടൈഡ്സ്, എമിലിയ പെരെസ്, ദി വിറ്റ്നെസ്, സസ്പെൻഡഡ് ടൈം, ഷികുൻ, ദി സബ്സ്റ്റൻസ്, എന്നീ ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിച്ചത്. ഒപ്പം തന്നെ മലയാളത്തിന്റെ പ്രിയ സാഹിത്യകാരന്മാരെ ആദരിക്കുന്നതിന്റെ ഭാഗമായി ഇത്തവണത്തെ ഐ എഫ് എഫ് കെ യിൽ ലിറ്ററി ട്രിബ്യൂട്ടും സംഘടിപ്പിച്ചു.

1969 ലെ മികച്ച തിരക്കഥയ്ക്കുള്ള കേരള സംസ്ഥാന അവാർഡ് നേടിയതുൾപ്പടെ മികച്ച സംഗീതം മികച്ച സാമൂഹിക സിനിമ എന്നീ നിലകളിൽ ജനസ്വീകാര്യത നേടിയ തോപ്പിൽ ഭാസി തിരക്കഥയും സംഭാഷണവും എഴുതി പി. ഭാസ്കരൻ സംവിധാനം ചെയ്ത 'മൂലധനം', പാറപ്പുറത്ത് കഥ എഴുതി കെ എസ് സേതുമാധവൻ സംവിധാനം ചെയ്ത 'അരനാഴിക നേരം രാമു കാര്യാട്ടും പി ഭാസ്കരനും ചേർന്ന് സംവിധാനം ചെയ്ത നീലക്കുയിൽ' എന്നീ സിനിമകളാണ് ട്രിബ്യൂട്ടിന്റെ ഭാഗമായി പ്രദർശിപ്പിച്ചത്.

29 iffk
International Film Festival of Kerala 2024

## ഇന്റർ യൂണിവേഴ്സിറ്റി സൗത്ത് സോൺ ടെന്നീസ് ടൂർണമെന്റിൽ വെൽസ് ഇൻസ്റ്റിറ്റ്യൂട്ട് ജേതാക്കളായി




*ടെന്നീസ് ടൂർണമെന്റ് വിജയികൾ*

**കൃഷ്ണപ്രഭ എ പി**

**തിരുവനന്തപുരം:** ഇന്റർ യൂണിവേഴ്സിറ്റി സൗത്ത് സോൺ ടെന്നീസ് ടൂർണമെന്റിൽ വെൽസ് ഇൻസ്റ്റിറ്റ്യൂട്ട് ജേതാക്കളായി

കേരള സർവകലാശാലയും തിരുവനന്തപുരം ടെന്നീസ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച അഞ്ചു ദിവസത്തെ ദക്ഷിണ മേഖല ഇന്റർ യൂണിവേഴ്സിറ്റി ടെന്നീസ് ടൂർണമെന്റിൽ വെൽസ് ഇൻസ്റ്റിറ്റ്യൂട്ട് ജേതാക്കളായി.

വെൽസ് ഇൻസ്റ്റിറ്റ്യൂട്ട് ചെന്നൈയും, ഭാരതിയാർ സർവകലാശാല കോയമ്പത്തൂരും തമ്മിലായിരുന്നു ഫൈനൽ പോരാട്ടം.ആദ്യ സിംഗിൾസിൽ, വെൽസ് ഇൻസ്റ്റിട്യൂട്ടിന്റെ പ്രണവ് കാർത്തിക് ഭാരതിയാർ സർവകലാശാലയുടെ തരുൺ വിക്രമിനെ (62,64) പരാജയപ്പെടുത്തി.രണ്ടാം സിംഗിൾസിൽ, വെൽസ് ഇൻസ്റ്റിട്യൂട്ടിന്റെ കീർത്തി വസന്ത് ഭാരതിയാർ സർവകലാശാലയുടെ ഋഷി വന്ധനെ മൂന്ന് സെറ്റുകൾക്ക് (64,67,63) പരാജയപ്പെടുത്തി. ഡബിൾസിൽ വെൽസ് ഇൻസ്റ്റിട്യൂട്ടിന്റെ പ്രണവ് കാർത്തിക്, കീർത്തി വസന്ത് എന്നിവർ ഭാരതിയാർ സർവകലാശാലയുടെ ഋഷി വന്ധൻ, തരുൺ വിക്രം (6 7,64,62) എന്നിവരെ പരാജയപ്പെടുത്തിയപ്പോൾ, മൂന്നാം സ്ഥാനം ഒസ്മാനിയ സർവകലാശാല ഹൈദ്രാബാദും നാലാം സ്ഥാനം കൊനേരു ലക്ഷ്മയ്യ എഡ്യുക്കേഷൻ ഫൗണ്ടേഷനും കരസ്ഥമാക്കി.

കലാലയങ്ങളിൽ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിലൂടെ യുവാക്കളിൽ ചിട്ടയുള്ള ജീവിത ശൈലി കൊണ്ടുവരുന്നതിനും പൗരബോധം വളർത്തിയെടുക്കുന്നതിനും സഹായകമാകുമെന്ന് കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം ആർ. രാജേഷ് അഭിപ്രായപെട്ടു. ഫിസിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഡോ. റസിയ കെ.ഐ. നന്ദി രേഖപ്പെടുത്തി.

## കുപ്പയിൽ നിന്നും കുപ്പികളിലേക്ക്, കുപ്പികളിൽ നിന്നും ഇരുപ്പിടത്തിലേക്ക്...

**മാനസ ആർ ബി**

**ആറ്റിങ്ങൽ:** പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുനരുപയോഗ സാധ്യതയെ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുകയാണ് അവനവഞ്ചേരി ഗവ ഹൈ സ്കൂളിലെ സ്റ്റുഡന്റസ് പോലീസ് കേഡറ്റുകൾ. വീടുകളിൽ നിന്നും പരിസര പ്രദേശങ്ങളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക് കവറുകളെ കഴുകി വൃത്തിയാക്കി ഉണക്കിയ ശേഷം ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കുപ്പികളിൽ കുത്തി നിറച്ചു തയാറാക്കുന്ന ഇക്കോ ബ്രിക്സ് ഉപയോഗിച്ച് വിശ്രമ ബെഞ്ചുകൾ നിർമിച്ചു മാതൃകയാവുകയാണ് കുട്ടി കേഡറ്റുകൾ. സ്കൂളിന്റെ മുറ്റത്തും, ആറ്റിങ്ങൽ നഗരസഭാ കോംപൗണ്ടിലും, തോന്നയ്ക്കൽ സായി ഗ്രാമത്തിലുമായി ഇതുവരെ നാല് നിർമിതികളാണ് ഇക്കോ ബ്രിക്സ് ഉപയോഗിച്ച് പണിഞ്ഞത്. ഏകദേശം ഒരു ടണ്ണോളം പ്ലാസ്റ്റിക് മാലിന്യത്തെയാണ് ഈ പ്രവർത്തിയിലൂടെ ഉന്മൂലനം ചെയ്യാൻ സാധിച്ചത്. സ്റ്റുഡന്റ്സ് കേഡറ്റ് ഇൻ ചാർജ് ഓഫീസറായ, അവനവഞ്ചേരി സ്കൂൾ അദ്ധ്യാപകൻ എൻ. സാബുവാണ് ഈ പ്രവർത്തനത്തിന് കുട്ടികൾക്ക് മാർഗ നിർദ്ദേശവും പിന്തുണയും നൽകിയത്. തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഓർമ ഇക്കോ ബ്രിക്സ് സംവിധാനവും സായിഗ്രാമത്തിലെ പ്രവർത്തകരും ഈ സംരംഭത്തിനെ ഉന്നതിയിൽ എത്തിക്കാൻ പ്രയത്നിച്ചു.

2015 മുതൽ പ്ലാസ്റ്റിക് വിമുക്ത സമൂഹം എന്ന ആശയത്തെ ഉൾക്കൊണ്ട് സായി ഗ്രാമവുമായി ചേർന്ന് സ്കൂളിലെ കുട്ടികളും അദ്ധ്യാപകരും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച്, ഇവർക്കു കൈ മാറുകയും റീസൈക്ലിങ്ങിനു വിധേയമാക്കുകയും ചെയ്യുമായിരുന്നു. ചെറിയ കുട്ടികൾ തുടങ്ങി ഹൈ സ്കൂൾ വിദ്യാർത്ഥികളെ വരെ മാലിന്യങ്ങൾ തരം തിരിച്ചു ശരിയായി നിർമാർജനം ചെയ്യാൻ സ്കൂളിൽ പരിശീലിപ്പിക്കുന്നുണ്ടായിരുന്നു അങ്ങനെയാണ് ഇക്കോ ബ്രിക്സ് എന്ന ആശയം ഉടലെടുക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തത്.

# കാര്യവട്ടം ക്യാമ്പസിൽ ഹോസ്റ്റലുകളും ലബോറട്ടറിയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

**വൃന്ദ.പി**

**കാര്യവട്ടം:** സർക്കാരിന്റെ നാലാം 100 ദിന കർമ്മ പരിപാടികളുടെ ഭാഗമായി കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ പുതുതായി നിർമ്മിച്ച 2 ഹോസ്റ്റലുകളും അഡ്വാൻസ്ഡ് സെന്റർ ഫോർ റീജനറേറ്റീവ് മെഡിസിൻ ആൻഡ് സ്റ്റെം സെൽ റിസർച്ച് ഇൻ ക്യൂട്ടേനിയസ് ബയോളജി (AcREM-Stem) ലബോറട്ടറിയും 23ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു.

ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരള സർവകലാശാലയുടെ അഭിമാനകരമായ മുന്നേറ്റം ആണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട താമസസൗകര്യവും മികച്ച അടിസ്ഥാന സൗകര്യവുമാണ് ലക്ഷ്യമിടുന്നത്.



*2 ഹോസ്റ്റലുകളും റീജനറേറ്റീവ് മെഡിസിൻ ആൻഡ് സ്റ്റെം സെൽ ലബോറട്ടറിയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു.*

ബാരിയർ ഫ്രീ കേരള എന്ന ലക്ഷ്യത്തോടെ പൊതു ഇടങ്ങളെല്ലാം ഭിന്നശേഷി സൗഹൃദ ഇടങ്ങളായി മാറ്റുക എന്നതാണ് ഒരു നയമായി ഉപയോഗിച്ചിട്ടുള്ളത്. ഭിന്നശേഷി വിദ്യാർഥികൾക്ക് സൗഹൃദപരമായ രീതിയിലാണ് ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. സാധാരണ എല്ലാവരും വികസനത്തിൽ സന്തോഷിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് പൊതുബോധം എന്നും എന്നാൽ നമ്മുടെ നാട്ടിൽ അതിനെ എതിർക്കുകയാണ് ചിലരെന്നും കിഫ്ബിയെ തകർക്കുക എന്നതാണ് ചിലരുടെ ലക്ഷ്യം എന്നും അദ്ദേഹം ആവർത്തിച്ചു.

കേരള സർവകലാശാലയ്ക്ക് വേണ്ടി കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 55 കോടി രൂപയാണ് അടിസ്ഥാന സൗകര്യത്തിനായി ചിലവഴിച്ചിട്ടുള്ളത്. വികസനത്തിനായി 214 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു അധ്യക്ഷത വഹിച്ചു. കടകംപള്ളി സുരേന്ദ്രൻ വിശിഷ്ടാതിഥിയായി. കേരള സർവകലാശാല വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ ആമുഖപ്രസംഗം നടത്തി. സർവ്വകലാശാല ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർത്ഥികൾ, തുടങ്ങി നിരവധി പേർ പങ്കെടുത്തു. കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ കെ എസ് അനിൽ കുമാർ നന്ദി പറഞ്ഞു.

# മുഴുവൻ സീറ്റും നേടി എസ്എഫ്ഐ

**സീതാലക്ഷ്മി പി ബി**

**കാര്യവട്ടം:** കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് യൂണിയൻ തിരഞ്ഞെടുപ്പിൽ എസ്എഫ്ഐക്ക് മിന്നുന്ന വിജയം. യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് യൂണിയൻ തിരഞ്ഞെടുപ്പിൽ നോമിനേഷൻ പൂർത്തീകരിച്ചപ്പോൾ 9 സീറ്റുകളിൽ എതിരില്ലാതെ എസ്എഫ്ഐ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

അഭിഷേക് ഇ (ചെയർപേഴ്സൺ), ഗേയ്റ്റി ഗ്രേറ്റൽ എസ് എം (വൈസ് ചെയർപേഴ്സൺ), കാർത്തിക.എസ് (ജനറൽ സെക്രട്ടറി), അഞ്ജന ചന്ദ്രൻ. എം, റംഷി റഹ്മാൻ പി (യു യു സി), അൻവർ ഷാ വി എസ് (ആർട്സ് ക്ലബ് സെക്രട്ടറി) ഹനീൻ അബ്ദുറഹ്മാൻ. യു (മാഗസിൻ എഡിറ്റർ),എബി സനൽ. വി. എസ് (സോഷ്യൽസയൻസ് ഫാക്കൽറ്റി), ഷബ്നം സുധീർ, അനു കൃഷ്ണ പി (ലേഡി റെപ്രസന്റേറ്റീവ്) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

'പോരാട്ട ഗാഥകളുടെ തുടർച്ചക്ക് വിദ്യാർത്ഥി പക്ഷത്ത്' എന്നതായിരുന്നു തെരഞ്ഞെടുപ്പിൽ എസ്എഫ്ഐ ഉയർത്തിയ മുദ്രാവാക്യം.

# വയനാടിന് കൈതാങ്ങായി എൻഎസ്എസ്

**നവമി ലെനിൻ ആർ**

കാര്യവട്ടം: വയനാട് ദുരിതബാധിതർക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി വ്യത്യസ്ത പരിപാടികളുമായി മുന്നോട്ട് പോവുകയാണ് കാര്യവട്ടം യൂണിവേഴ്സിറ്റി എൻജിനീയറിങ് കോളേജിലെ എൻഎസ്എസ് യൂണിറ്റ് . ഇതിന്റെ ആദ്യ ഘട്ടമായി ആഗസ്റ്റ് 24-ന് സ്ക്രാപ് ചലഞ്ച് സംഘടിപ്പിച്ചിരുന്നു. ചലഞ്ചിൽ ശേഖരിച്ച ഇരുമ്പ്, പ്ലാസ്റ്റിക് തുടങ്ങിവ വിറ്റു കിട്ടിയ തുക ഭവന നിർമ്മാണത്തിന് സംഭാവനയായി നൽകി.

രണ്ടാം ഘട്ടമായി ഒക്ടോബർ 10ന് ക്യാമ്പസിൽ സെന്റർ സർക്കിളിന് സമീപം ഏറേ വിദ്യാർത്ഥി പങ്കാളിത്തത്തോടെ വിജയകരമായി ഐസ് ക്രീം ചലഞ്ചും നടത്തിയിരുന്നു.30 രൂപ വിലമതിക്കുന്ന ഒരു ഭാഗ്യക്കുറിയിലൂടെ വയനാട്ടിലുള്ളവർക്ക് ഭാഗ്യം നൽകാനുള്ള ശ്രമത്തിലാണ് ഇവർ. ഭാഗ്യക്കുറി നറുക്കെടുപ്പിലൂടെ ഒരാൾക്ക് എൽ ഇ ഡി ടെലിവിഷൻ സമ്മാനമായി ലഭിക്കും.

സ്ക്രാപ്പ് ചലഞ്ചിലൂടെയും ഐസ്ക്രീം ചലഞ്ചിലൂടെയും ഭാഗ്യക്കുറിയിലൂടെയും ലഭിക്കുന്ന തുക വയനാടിന്റെ പുനരുദ്ധാരണത്തിനും ഭവന നിർമ്മാണ പദ്ധതിക്കും മറ്റുമായി നൽകും.വയനാടിനെയും അവിടെ ജീവിതം പാതി വഴിയിൽ സ്തംഭിച്ച മനുഷ്യരെയും മലയാളികൾ മറന്നു തുടങ്ങുമ്പോൾ , ഒപ്പമുണ്ടെന്ന് ഉറക്കെ പറഞ്ഞുകൊണ്ട് എൻഎസ്എസ് വോളന്റിയേഴ്സ് സാമൂഹ്യബോധം ഉണർത്തി ഇവിടെ മാതൃകയായി മാറുകയാണ്.

# ബിരുദ വിദ്യാർത്ഥികളെ വരവേറ്റു കാര്യവട്ടം ക്യാമ്പസ്

**മാനസ ആർ ബി**

**കാര്യവട്ടം:** 2024-25 അധ്യയന വർഷത്തേക്കുള്ള നാലു വർഷ ബിരുദ പ്രോഗ്രാമുകൾ കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ആരംഭിച്ചു. ശാസ്ത്ര ശാസ്ത്രേതര വിഷയങ്ങളിൽ 16 മേജർ ഡിസിപ്ലിനറി കോഴ്സുകളോട് കൂടിയാണ് പ്രാബല്യത്തിൽ വന്നത്. ഈ പ്രോഗ്രാമിന്റെ ആദ്യ രൂപ കല്പന കഴിഞ്ഞ വർഷം നവംബറിൽ പൊളിറ്റിക്സ്, ഹിസ്റ്ററി, ഇക്കണോമിക്സ് എന്നീ പ്രധാന വിഷയങ്ങളിൽ തുടങ്ങുകയും അത് വിജയം കൈവരിക്കുകയും ചെയ്തു

ഈ വിജയം ഇപ്രാവശ്യത്തെ പ്രോഗ്രാമുകൾ സമ്പൂർണതയിൽ എത്തിക്കാൻ സാധിച്ചു. വിദ്യാർത്ഥികൾക്ക് രണ്ട് പ്രധാന പാതകൾ ഒരുക്കുന്നു: മൂന്ന് വർഷത്തെ അണ്ടർഗ്രാജ്വേറ്റ് ബിരുദം, ഗവേഷണത്തോടുകൂടിയ നാല് വർഷത്തെ ബിരുദം. ഓപ്റ്റോഇലക്ട്രോണിക്സ് വിഭാഗം മേധാവി ഡോ. സാം സോളമൺ പ്രോഗ്രാമിന്റെ ഡയറക്ടറും ഇംഗ്ലീഷ് വിഭാഗത്തിലെ പ്രൊഫസർ ഡോ. ലാൽ സി.എ. അക്കാദമിക് കോഓർഡിനേറ്ററായും പ്രവർത്തിക്കുന്നു. നിലവിൽ FYUGP കോഴ്സുകളിലേക്ക് അദ്ധ്യാപകരെ വകുപ്പുകളിൽ നിന്നും, വിരമിച്ച, അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ടെങ്കിലും ഭാവിയിൽ സ്ഥിരം അദ്ധ്യാപകരെ റിക്രൂട്ട് ചെയ്യാനാണ് പദ്ധതികൾ.




*ഡിഗ്രി ബ്ലോക്കിന്റെ പ്രവേശന കവാടം*

2023 നവംബറിൽ ആദ്യ പൈലറ്റ് പ്രോഗ്രാം വിജയകരമായി ആരംഭിച്ചു. സർവകലാശാലയിലെ മുഴുവൻ ജീവനക്കാർക്കും സിലബസ് നിർമാണം മുതൽ വർക്ക്ഷോപ്പുകൾ വരെയുള്ള പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകി. ആദ്യം കോഴ്സുകൾ തിരിച്ചറിഞ്ഞു സിലബസ് തയ്യാറാക്കി, പരിപാടികളുടെ പ്രായോഗികത മനസിലാക്കാൻ വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു. പൊളിറ്റിക്കൽ സയൻസ് ഡിഗ്രീ സീറ്റുകൾ മുഴുവൻ തന്നെയും അഡ്മിഷന്റെ ആദ്യ വാരത്തിൽ തന്നെ പൂർത്തിയാക്കാൻ സാധിച്ചു.കഴിഞ്ഞ വർഷം നടപ്പിലാക്കിയ പൊളിറ്റിക്കൽ സയൻസിന്റെ ബിരുദം എത്രത്തോളം വിജയകരമാണ് എന്നതിന്റെ തെളിവാണ് ഈ പ്രാവശ്യത്തെ വിദ്യാർത്ഥി പ്രവാഹം.

# സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ പരിപാടിയും

**സീതാലക്ഷ്മി പി ബി**

**കാര്യവട്ടം:** കേരള സർവ്വകലാശാല ബയോ കെമിസ്ട്രി വിഭാഗത്തിൽ നവംബർ 12ന് രാവിലെ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും ആരോഗ്യ ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചു. ബയോകെമിസ്ട്രി വകുപ്പും തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ദ്രവ്യഗുണ വിഭാഗവും സംയുക്തമായാണ് ക്യാമ്പ് സംഘടിപ്പിച്ചത്.

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ഇന്ദുലേഖ. വി സി യുടെ നേതൃത്വത്തിൽ രാവിലെ 8.30 മുതൽ 10മണി വരെയായിരുന്നു ക്യാമ്പ്.

ന്യൂട്രാസ്യൂട്ടിക്കൽ വികസന പ്രോജക്റ്റിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് റിസർച്ച് (DHR)ന്റെ സഹകരണത്തോടെയാണ് ബയോകെമിസ്ട്രി വിഭാഗം ക്യാമ്പ് സംഘടിപ്പിച്ചത്.

ബയോകെമിസ്ട്രി വിഭാഗം പ്രൊഫസർ ഡോ എ ഹെലൻ,DHR -ICMR വുമൺ സയന്റിസ്റ്റ് ഡോ മായ ജി പിള്ള, എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി ക്യാമ്പിന്റെ ഭാഗമായി ജീവിതശൈലി രോഗനിർണയ പരിശോധനകളും ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചു.

# ആഗ്രഹങ്ങൾ ആകാശം കാണട്ടെ

**സീതാലക്ഷ്മി പി ബി**




*ടെനി കാതറിൻ ടോണി*

**കാര്യവട്ടം:** കാത്തിരിപ്പിനും കഠിനാധ്വാനത്തിനും ഒടുവിൽ സ്വന്തമായി ഡ്രോൺ നിർമ്മിച്ച് എൻജിനീയറിങ് വിദ്യാർഥിനി. കേരള സർവകലാശാല എൻജിനീയറിങ് വിഭാഗത്തിലെ രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് വിദ്യാർത്ഥിനിയായ ടെനി കാതറിൻ ടോണി ആണ് ഈ നേട്ടത്തിനു പിന്നിൽ.

എഞ്ചിനീയറിങ് വിഭാഗത്തിലെ പുതിയ ബാച്ചിന്റെ ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ദിവസമാണ് ടെനി തന്റെ ആദ്യത്തെ ഡ്രോൺ പ്രോജക്ട് ആരംഭിച്ചത്. പലയിടങ്ങളിൽ നിന്നും ഡ്രോണിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കേണ്ടതും അതിനുവേണ്ടി സാമ്പത്തികം ഒരുക്കേണ്ടതും എല്ലാം കടുത്ത വെല്ലുവിളിയായിരുന്നു. പക്ഷേ ആഗ്രഹങ്ങൾക്ക് അതിരിടാൻ ടെനി ഒരുക്കമല്ലായിരുന്നു. പഠന ഭാരങ്ങൾക്കിടയിലും പറ്റുന്നത്ര സമയം തന്റെ ഈ ആഗ്രഹത്തിനായി നീക്കി വെച്ചു. . ഏകദേശം 28,000 രൂപയാണ് ഇതിനായി ചെലവഴിച്ചത്. പത്തു മിനിറ്റാണ് ഈ ഡ്രോണിന്റെ പറക്കൽ സമയം ഡ്രോൺ നിർമാണത്തിനൊപ്പം മറ്റ് ഏഴു പ്രോജക്ടുകൾ കൂടി ടെനി നിർമിച്ചിട്ടുണ്ട്. കഠിനാധ്വാനവും നിശ്ചയദാർഢ്യവുമാണ് തന്നെ ഈ നേട്ടത്തിൽ എത്തിച്ചതെന്ന് ടെനി പറയുന്നു.

# തമ്പുരാൻപാട്ടിന്റെ തനിമയോടെ...

**സീതാലക്ഷ്മി പി ബി**

**കാര്യവട്ടം:** കേരള സർവകലാശാല കേരള പഠന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 'തമ്പുരാൻ പാട്ട്: ജനസംസ്കൃതിയും വൈവിധ്യവും എന്ന വിഷയത്തിൽ ദ്വി ദിന ദേശീയ സെമിനാർ ഒക്ടോബർ 23, 24 തീയതികളിൽ സംഘടിപ്പിച്ചു.23ന് രാവിലെ 10 മണിക്ക് കേരള പഠന വിഭാഗം സെമിനാർ ഹാളിൽ ഡോ പി സോമൻ സെമിനാർ ഉദ്ഘാടനം ചെയ്തു. കേരള പഠന വിഭാഗം അധ്യാപകൻ പ്രൊഫ(സി ആർ പ്രസാദ് സെമിനാറിന് അധ്യക്ഷത വഹിച്ചു. 23ന് നടന്ന വിവിധ സെഷനുകളിലായി ഫോക്ലോറിലെ അസംബന്ധപ്പാട്ടുകൾ,ആധുനിക കവിതയും നാടോടി വിജ്ഞാനീയവും, ബ്രാഹ്മണിപ്പാട്ട്: അനുഷ്ഠാനവും വിശ്വാസവും തുടങ്ങിയ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ നടന്നു.

ഒക്ടോബർ 24 രാവിലെ കേരള പഠന വിഭാഗം അസോസിയേറ്റ് പ്രൊഫസർ സുജ എസ് ന്റെ അധ്യക്ഷതയിൽ തമ്പുരാൻ പാട്ട്: പാട്ടും പറച്ചിലും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു പ്രശസ്ത പാട്ടാശാൻ ശ്രീ. സജു കുമാറിന്റെ നേതൃത്വത്തിൽ തമ്പുരാൻ പാട്ടിന്റെ അവതരണവും, മടിക്കൈ ജി എച്ച് എസ്.എസ് ലെ അദ്ധ്യാപകൻ ഡോ ബി എസ് ബിനു തമ്പുരാൻ പാട്ടിന്റെ പറച്ചിലും അവതരിപ്പിച്ചു.

കലാരൂപങ്ങൾ അന്യം നിന്നുപോകാതെ നോക്കേണ്ടതിന്റെ ആവശ്യകതയെ പറ്റിയുള്ള ചർച്ചകൾക്കും സെമിനാർ വേദിയായി. വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും പ്രബന്ധാവതരണത്തോടുകൂടിയാണ് സെമിനാർ അവസാനിച്ചത്.

# മാലിന്യ സംസ്കരണത്തിന് മാതൃകയായി കാര്യവട്ടം ക്യാമ്പസ്

**ഗോവിന്ദ് ജി എൽ**

**തിരുവനന്തപുരം:** ഖര മാലിന്യ സംസ്കരണം ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ അനിവാര്യമായ ഭാഗമാണ്. ജൈവവും അജൈവവുമായ മാലിന്യങ്ങളെ ശരിയായ രീതിയിൽ തരംതിരിച്ച് സംസ്കരിക്കുന്നതിനായി കേരള സർവ്വകലാശാല പരിസ്ഥിതി ശാസ്ത്ര വകുപ്പിലെ അധ്യാപകൻ ഒരു പദ്ധതി നിർദ്ദേശിച്ചു, (KSWMP) അഥവാ ഖരമാലിന്യ സംസ്കരണ പദ്ധതി .

മാലിന്യ സംസ്കരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഏറ്റവും പ്രധാനമാണ് മാലിന്യ ശേഖരണം. ഇതിനായി ക്യാമ്പസിൽ വിവിധ ഇടങ്ങളിലായി പ്രത്യേകം ബിന്നുകൾ സ്ഥാപിച്ചു. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുക എന്ന ലക്ഷ്യത്തിൽ ജൈവ മാലിന്യങ്ങൾ (പച്ച) കടലാസ് മാലിന്യങ്ങൾ (നീല) പ്ലാസ്റ്റിക് മാലിന്യങ്ങൾ(ചുവപ്പ്) ഗ്ലാസ് ലോഹ അവശിഷ്ടങ്ങൾ (മഞ്ഞ) എന്ന രീതിയിൽ കളർ കോഡഡ് ബിൻ സംവിധാനം ഏർപ്പെടുത്തി.ഇത് മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള സമയം കുറയ്ക്കാൻ സഹായകമായി.തുടക്കത്തിൽ ഇത്തരം ഒരു സംവിധാനം എല്ലാവർക്കും പരിചിതമല്ലാത്തതിനാൽ മിശ്രിത മാലിന്യങ്ങളാണ് ബിന്നുകളിൽ നിന്നും ലഭിച്ചത്.ദിവസേന മാലിന്യ ശേഖരണം നടത്തുന്നതിനായി ഒരു വാഹനം വാടകയ്ക്കെടുത്തു.

കാര്യവട്ടം കാമ്പസിലെ എല്ലാ ഡിപ്പാർട്ട്മെന്റുകളിലും ദിവസേന കളക്ഷൻ വാഹനം എത്തുന്നുണ്ട്. മാലിന്യങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ, അത് മാലിന്യം തരംതിരിക്കുന്ന സ്ഥലത്തേക്ക് കൊണ്ടുപോകുന്നു. പ്രധാനമായും എല്ലാ ദിവസവും രാവിലെയാണ് എസ് എച്ച് ക്യാമ്പസിൽ നിന്ന് മാലിന്യ ശേഖരണം നടത്തുന്നത്. കാമ്പസുകൾ വിദ്യയുടെയും സംസ്കാരത്തിന്റെയും താഴ്വരകളാണെങ്കിലും, ഇന്ന് അവ മാലിന്യക്കൂനകളായി മാറിക്കൊണ്ടിരിക്കുന്നു. പ്ലാസ്റ്റിക് കുപ്പികൾ, പായ്ക്കറ്റുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ ക്യാമ്പസുകളിൽ അങ്ങോളമിങ്ങോളം കാണാം. ഇത് പരിസ്ഥിതിക്ക് വലിയ ഭീഷണിയാണ്.

മാലിന്യങ്ങൾ തരംതിരിച്ചതിന് ശേഷം, കമ്പോസ്റ്റബിൾ മാലിന്യങ്ങൾ വളമാക്കി മാറ്റുന്നു, മറ്റുള്ള അജൈവ മാലിന്യങ്ങൾ പ്ലാസ്റ്റിക്, പേപ്പർ, മെറ്റൽ, ഗ്ലാസ് എന്നിങ്ങനെ തരംതിരിക്കുന്നു. ഇവയുടെ താൽക്കാലിക സംഭരണത്തിനായി കാര്യവട്ടം, എസ്എച്ച് കാമ്പസുകളിൽ സംഭരണ സൗകര്യമുണ്ട്. ഇത് ഗണ്യമായ അളവിൽ എത്തിക്കഴിഞ്ഞാൽ, അവ റീസൈക്ലർമാർക്ക് കൈമാറുന്നു, അങ്ങനെ ഇവയെല്ലാം പുതിയവസ്തുക്കളായി മാറുന്നു.

# ജോലിയും പഠനവും: ഒരുമിച്ച് മുന്നേറിയുള്ള പുതിയ അനുഭവ ലോകം

**കൃഷ്ണപ്രഭ എ പി**

**കൊച്ചി:** മൂന്ന് വർഷം നീണ്ടു നിന്ന ഡിഗ്രി പഠനത്തിനു ശേഷം ചെറിയൊരു വിശ്രമമെടുക്കാമെന്ന് കരുതി ജോലിക്ക് ശ്രമിക്കുകയായിരുന്നു ഞാൻ. ഡിഗ്രി പൂർത്തിയാക്കിയെങ്കിലും സർട്ടിഫിക്കറ്റ് കൈവശമില്ലാത്തതിനാൽ എന്തെങ്കിലും ജോലി ലഭിക്കുമോ എന്ന ആശങ്കയോടെയാണ് ഞാൻ എറണാകുളത്തെത്തിയത്.. നിരവധി ശ്രമങ്ങൾക്കൊടുവിൽ ഒരു ജോലിയിൽ പ്രവേശിക്കാനായി.

പക്ഷേ, അധികം താമസിയാതെ തന്നെ, പഠനം തന്നെയാണ് സന്തോഷവും ശാന്തിയും പകരുന്നതെന്ന് തിരിച്ചറിഞ്ഞു. എന്നാലും, ജോലിസ്ഥലത്ത് കിട്ടിയ സൗഹൃദങ്ങളെയും അനുഭവങ്ങളെയും ഉപേക്ഷിക്കാനുള്ള മടി എന്നെ അവിടവുമായി കൂടുതൽ അടുപ്പിച്ചു. അങ്ങനെ പതിനൊന്ന് മാസങ്ങളുടെ ജോലിജീവിതം പിന്നിട്ട്, വീണ്ടും പഠനത്തിലേക്ക് തിരികെയെത്താനായി. തിരികെയെത്തുമ്പോൾ, അത്രയേറെ ആഴത്തിൽ അവിടവുമായി ചേർന്ന് നിന്നിരുന്നോ എന്ന ചിന്ത മനസ്സിലുണ്ടായി.

എന്നാൽ, മാതാപിതാക്കളുടെ പ്രതീക്ഷകളെ മുന്നിൽ കണ്ടുകൊണ്ടാണ് ഞാൻ വീണ്ടും പഠനം തുടരാൻ തീരുമാനിച്ചത്. അങ്ങനെ ഇരുന്നപ്പോഴാണ് ഞാൻ മറ്റൊരു കാര്യം ചിന്തിക്കാനിടയായത് എന്ത് കൊണ്ട് പഠനത്തോടൊപ്പം ജോലി തുടർന്ന് കൂടാ എന്നുള്ളത്.

ഇന്ന്, പല വിദ്യാർത്ഥികൾക്കും പഠനത്തോടൊപ്പം നല്ലൊരു ജോലി അന്തരീക്ഷം ലഭ്യമാണ്. ജോലിയെ പ്രായോഗിക പരിശീലനം ആക്കുകവഴി അതിലൂടെ അവർക്ക് പലതും പഠിക്കാനും പുതിയ അറിവുകൾ നേടാനും കഴിയും .ഈ അനുഭവങ്ങൾ അവരുടെ കഴിവുകളെ വിശാലമാക്കാൻ സഹായിക്കുന്നതും വ്യക്തിത്വ വികസനത്തിന് വളരെയധികം പ്രേരണ നൽകുന്നതുമാണ്.

പഠനത്തോടൊപ്പം ജോലി വാഗ്ദാനം ചെയ്യുന്ന സ്ഥാപനങ്ങൾ ഇന്നത്തെ കാലത്ത് വ്യാപകമായി കാണാം. ഇത് വളരെ നല്ലൊരു ആശയമാണ്, കാരണം, വിദ്യാർത്ഥികളെ കൂടുതൽ സ്വതന്ത്രമാക്കുകയും അവരുടെ ജീവിതാനുഭവങ്ങളെ സമ്പുഷ്ടമാക്കുകയും ചെയ്യുന്നു.

പഠനത്തോടൊപ്പം ജോലിചെയ്യാൻ അവസരങ്ങൾ ലഭിക്കുന്ന ഒരു തലമുറ, ഭാവിയിൽ കൂടുതൽ ആത്മവിശ്വാസവും കഴിവും ഉള്ളവരായിരിക്കും. ഇത്തരം അനുഭവങ്ങൾ, ഓരോ വിദ്യാർത്ഥിയുടെയും ജീവിതത്തിൽ വലിയ മാറ്റം സൃഷ്ടിക്കും, പുതിയ ചിന്തകളെയും വഴികളെയും സമൃദ്ധമാക്കും.

എനിക്ക് ലഭിച്ച അനുഭവങ്ങൾ ഇന്നും എനിക്ക് വഴികാട്ടി തന്നെയാണ്. ഏത് സാഹചര്യങ്ങളെയും ശക്തിയോടെയും ബുദ്ധിയോടെയും നേരിടാനും ഇന്നെനിക്ക് സാധിക്കുന്നുണ്ട്. ഞാൻ എന്ന വ്യക്തിയുടെ വളർച്ചയിൽ ഇത്തരമൊരു കാലം വളരെ അധികം പങ്ക് വഹിച്ചിട്ടുണ്ട്.

# മലയാള സാഹിത്യം: പാരമ്പര്യത്തിന് പുറമെ സമകാലിക ചിന്തയുടെ പാളി

**കൃഷ്ണപ്രഭ എ പി**

മലയാള ഭാഷയും സാഹിത്യവും മലയാള സമൂഹത്തിന്റെ സംസ്കാരവും പരമ്പരാഗതത്വവും പ്രതിഫലിപ്പിക്കുന്ന ശക്തമായ പാരമ്പര്യമാണ്. മലയാള പഠനവും സാഹിത്യസൃഷ്ടികളും, സമൂഹത്തിലും വ്യക്തിത്വത്തിലും ആഴമേറിയ സ്വാധീനം ചെലുത്തുന്നു. ഭാഷയുടെ ശാസ്ത്രീയവും സാംസ്കാരികവുമായ പഠനം, മലയാളികളുടെ ആത്മീയവും ബൗദ്ധികവുമായ തനിമയെ തുറന്നുകാണിക്കാൻ സഹായിക്കുന്നു.

മലയാള സാഹിത്യം, പുതുമയുടെയും വിമർശനാത്മക ചിന്തയുടെയും വേദിയായി മാറിക്കൊണ്ട് ഇന്ന് ജാതി, ലിംഗം, സ്ത്രീ അവസ്ഥ, ട്രാൻസ്ജെൻഡർ അവസ്ഥ തുടങ്ങിയ സാമുദായിക ചർച്ചകൾക്ക് പ്രാധാന്യം നൽകുന്നു. മാറ്റത്തിന്റെ പ്രതീകമായി മാറുന്ന സാഹിത്യം, വായനക്കാരുടെ ചിന്താഗതിയിൽ പുതുമയുള്ള ദൃശ്യമാറ്റങ്ങൾ സൃഷ്ടിക്കുകയാണ്.

സമഗ്രമായി, മലയാള സാഹിത്യവും ഭാഷയും പുതിയ തലമുറക്ക് ബഹുസ്വരമായ ബോധതലവും സാമൂഹികമായി സജ്ജമായ ഒരു ചിന്താപരമ്പരയും നൽകുന്നു.

കേരള സർക്കാരിന്റെ ഭരണഭാഷ ഗ്രന്ഥരചന പുരസ്ക്കാരം നേടിയ ഡോ. സീമ ജെറോം ഈ വിഷയത്തിൽ സംസാരിക്കുന്നു

### മലയാളസാഹിത്യത്തിന്റെ സാധ്യതയും സാമൂഹ്യ സംസ്കാരത്തിനുള്ള പ്രാധാന്യവും.

മലയാള പഠനത്തിനും സാഹിത്യത്തിനുമുള്ള സാധ്യതകൾ ഏറെ വിപുലമാണ്. മലയാളം പഠിക്കണമെന്ന് പറയുമ്പോൾ, മറ്റു ഭാഷകളെ ഉപേക്ഷിക്കണമെന്ന് അർത്ഥമില്ല. മറിച്ച്, മലയാളത്തിന്റെ വിപുലമായ സംഭാവനകളും അതിന്റെ സാമൂഹ്യപ്രാധാന്യവും പരിഗണിച്ചാണ് അത് നിർദ്ദേശിക്കുന്നത്. സാഹിത്യത്തിന്റെ വിനിമയ ശേഷി, പഠിതാവിന്റെ മനസ്സിൽ മാറ്റങ്ങൾ ഉളവാക്കുന്നതിനുള്ള ശക്തി, ഇവയെല്ലാം മലയാള ഭാഷയ്ക്ക് സാംസ്കാരികപരമായി ലഭിച്ചവയാണ് .

### മലയാള ഭാഷയും സാഹിത്യത്തിന്റെ ഘടനയും

ഭാഷയുടെ പ്രാധാന്യം: മലയാള ഭാഷ അതിന്റെ വ്യാകരണപരമായ ശൈലികളുടെയും സന്ദേശവിനിമയത്തിന്റെയും, സംസ്കാരത്തിന്റെയും വ്യക്തിത്വത്തിന്റെയും പാരമ്പര്യത്തിന്റെയും അടയാളമാണ്. ഈ ഭാഷാപഠനം മലയാളി സമൂഹത്തിന്റെ ആത്മീയവും, ബൗദ്ധികവും ഉള്ളടക്കവുമായ തനിമയെ ബോധ്യപ്പെടുത്താൻ സഹായിക്കുന്നു. കൂടാതെ, സമ്പൂർണ്ണ പഠനത്തിന്റെ ഭാഗമായി ഭാഷാവിദ്യയുടെ വിവിധ ശാഖകളായ ഗദ്യം, കവിത, നാടകം എന്നിവയും ഭാഷയെ സമഗ്രമായി അറിഞ്ഞിരിക്കാൻ പ്രാപ്തമാക്കുന്നു.



*ഡോ സീമ ജെറോം സംസാരിക്കുന്നു (ഭരണഭാഷഗ്രന്ഥരചനപുരസ്ക്കാര ജേതാവ് )*

സാഹിത്യത്തിലെ ഭാഷാവിന്യാസവും പഠനത്തെ വിപുലീകരിക്കുന്ന പാഠങ്ങൾ: മലയാളഭാഷാവിന്യാസം പഠനം വ്യാകരണപരമായ ഘടനകളുടെ പൂർണാവബോധം നൽകുന്നു. ഭാഷാപഠനത്തിനായുള്ള കോഴ്സുകളിലൂടെ വിദ്യാർത്ഥികൾക്ക് ഭാഷയുടെ ശാസ്ത്രീയതയും ശൈലിയുമുള്ള പാഠങ്ങൾ പഠിക്കാൻ കഴിയുന്നു. ഇത് വിദ്യാഭ്യാസമേഖലയിലെ പുതിയ ശാസ്ത്രീയ പഠനങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

### സാഹിത്യത്തിലെ സാമൂഹിക വിശകലനവും കാലക്രമേണയുള്ള പ്രതിഫലനവും.

സാഹിത്യത്തിലെ മാറ്റങ്ങൾ: മലയാള സാഹിത്യത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ, ഇതിലൂടെയുള്ള വ്യക്തിത്വവികാസവും സാമൂഹ്യപ്രവർത്തനവും വ്യക്തമാണ്. പഴയ കാലത്ത് മലയാള സാഹിത്യം മുൻനിരയിൽ നിർത്താതെ പോയിരുന്നവിഷയങ്ങളാണ് സ്ത്രീപക്ഷം, ട്രാൻസ്ജെൻഡർ അവസ്ഥ, ജാതി വ്യവസ്ഥ തുടങ്ങിയവ. പക്ഷേ ഇന്ന്, സ്ത്രീ വിരുദ്ധത, ട്രാൻസ്ജെൻഡർ വിരുദ്ധത, ജാതി വ്യവസ്ഥകൾ എന്നീ പ്രത്യയങ്ങൾ ആസൂത്രിതമായി ചർച്ച ചെയ്യപ്പെടുന്നു. സാഹിത്യത്തിൽ വരുന്ന ഓരോ പുതിയ ലേഖനം/കവിത/നോവൽ/നാടകം ഒരോ പുതിയ ചിന്തകളുടെ പ്രചാരണത്തിനും പിന്തുണയ്ക്കും വഴിമാറുന്നു.

**കൾച്ചറൽ സ്റ്റഡീസിന്റെ പ്രാധാന്യം:** മലയാള സാഹിത്യത്തിലൂടെ നമ്മുടെ സംസ്കാരത്തിന്റെ ആന്തരിക അവസ്ഥകളെയും വ്യവസ്ഥകളെയും വിമർശനാത്മകമായി പഠിക്കാനുള്ള പുതിയ സാധ്യതകളാണ് കാല്പനിക രീതികൾ വഴി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണത്തിന്, സ്ത്രീയവസ്ഥയെയും സ്ത്രീപക്ഷചിന്തകളെയും ഉൾപ്പെടുത്തി മലയാള സാഹിത്യത്തിൽ വലുതായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ രംഗത്തെ പഠനം പുതിയതലമുറയുടെ ഇടയിൽ ഉയർന്നു വന്നിട്ടുള്ള ചിന്തകളുടെ വളർച്ചയ്ക്കും സഹായകരമാകുന്നു.

### വായനക്കാരുടെ ചിന്തയിലുള്ള മാറ്റവും പുതിയ തലമുറയിലേക്ക് സാഹിത്യം കൈമാറുന്ന ദൃഷ്ടാന്തങ്ങളും

വായനക്കാരെ ഉണർത്തുന്ന സാഹിത്യം: മലയാള സാഹിത്യത്തിൽ ഇന്ന് വായനക്കാരെ ഉണർത്തുന്ന പ്രവണതയുള്ള എഴുത്തുകൾ ഉണ്ടാവുന്നു. ഇത്തരം എഴുത്തുകൾ സമൂഹത്തെ പുതിയ ചിന്തയിലേക്ക് നയിക്കുകയും സമകാലികമായ ചർച്ചകൾക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു. ഇപ്പോൾ പാശ്ചാത്യ സംസ്കാര പഠനങ്ങൾ വഴി മലയാള സാഹിത്യത്തിൽ സമൂഹത്തെ തളച്ചുകൊണ്ടിരുന്ന പല തരത്തിലുള്ള ചിന്തകളിലും പരിധിയില്ലാത്ത വിലയിരുത്തലുകൾ നടത്തുന്നു.

ആധിപത്യം ചോദ്യം ചെയ്യുന്ന സാഹിത്യം: പഴയ കാലത്ത്, ജാതി വ്യവസ്ഥ, വർഗ്ഗീയവ്യവസ്ഥ, സ്ത്രീ വിരുദ്ധത മുതലായവയെ കൃത്യമായി പ്രതിഫലിപ്പിക്കാൻ മലയാള സാഹിത്യത്തിന് സാധിച്ചില്ല. ഇന്ന്, അതേ സാഹിത്യത്തിന്റെയും ഭാഷയുടെയും അടിവേരുകൾക്കുള്ളിൽ ഇരിക്കുന്ന ആധിപത്യവും വേർതിരിവുകളും കണ്ടെത്താനും ചോദ്യം ചെയ്യാനും ശ്രമിക്കുന്നു. ഇത് മലയാള സാഹിത്യത്തെ കൂടുതൽ ബഹുസ്വരമായ ബോധതലത്തിലേക്ക് ഉയർത്തുന്നു.

സമഗ്രമായി, മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പഠനം ഒരു പുതിയ തലമുറക്ക് വ്യക്തിമുദ്രയുള്ള ചിന്താഗതിയും സാമൂഹികശക്തിയും പ്രദാനം ചെയ്യുന്നു.



**കേരളപ്പിറവി ദിനത്തിൻ കേരളപഠനം വിഭാഗത്തിൽ അരങ്ങേറിയ കഥകളിയിൽ മാർഗി ദേവി സുരേഷ്, മാർഗി പാർവതി സുരേഷ്.**

# വികസനത്തിന്റെ പാതയിൽ അനന്തപുരി: മേയറുടെ കാഴ്ചപ്പാടുകൾ

**നന്ദന രാജൻ എസ്**

സുസ്ഥിര വികസനത്തിനുള്ള യു എൻ ഗ്ലോബൽ ഹാബിറ്റാറ്റ് അവാർഡ് നിറവിൽ  തിരുവനന്തപുരം നഗരസഭ. ഈ പുരസ്ക്കാരം നേടുന്ന ആദ്യത്തെ ഇന്ത്യൻ നഗരമാണിത്. ഈ നേട്ടത്തിലേക്ക് അനന്തപുരിയെ നയിച്ച നഗരത്തിന്റെ ഭരണകർത്താവായ മേയർ ആര്യ രാജേന്ദ്രൻ സംസാരിക്കുന്നു

**ഈ അവാർഡ് നേടിയതിലൂടെ നഗരത്തിനു ലഭിക്കാൻ പോകുന്ന പ്രയോജനങ്ങൾ എന്തെല്ലാമായിരിക്കും?**

കാലാവസ്ഥ വ്യതിയാനം എന്നത് ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ്. പരിസ്ഥിതി സൗഹാർദ്ദമല്ലാത്ത പ്രവർത്തനങ്ങൾ ആഗോളതാപനത്തിന് കാരണമാകുന്നു. ഈ സാഹചര്യത്തിൽ പ്രകൃതിക്കു ഇണങ്ങുന്ന തരത്തിൽ സുസ്ഥിരവികസനം എന്നുള്ള ലക്ഷ്യം മുൻനിർത്തി തിരുവനന്തപുരം നഗരസഭ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക്  അന്താരാഷ്ട്ര തലത്തിൽ തന്നെ  അംഗീകാരം ലഭിക്കുന്നു എന്നുള്ളത് നമ്മുടെ ജനതയ്ക്കും നഗരത്തിനും വലിയ അഭിമാനവും, തുടർന്ന് പരിസ്ഥിതി സൗഹൃദമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഊർജ്ജവും പകരുന്നു.

**തിരുവനന്തപുരം നഗരത്തിന്റെ ഭരണത്തിൽ വരുത്തിയ എന്തെല്ലാം മാറ്റങ്ങളാണ് ഈ ബഹുമതിയിലേക്ക് നയിച്ചത്?**

നഗരസഭ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളിലും സുസ്ഥിരത ഉറപ്പാക്കണം എന്ന  ലക്ഷ്യത്തോട് കൂടിയാണ് ഭരണസമിതി തീരുമാനങ്ങൾ കൈക്കൊണ്ട് വരുന്നത്. 125 കോടി രൂപ ചിലവിൽ 17000 kw സോളാർ പാനൽ സ്ഥാപിക്കാൻ നഗരസഭയ്ക്ക്  സാധിച്ചിട്ടുണ്ട്. 117 കോടി രൂപ ചിലവിൽ 115 ഇലക്ട്രിക്കൽ ബസ്സുകൾ, 2000 സോളാർ സ്ട്രീറ്റ് ലൈറ്റ്സ്, 100 ഇലക്ട്രിക്കൽ ഓട്ടോകൾ തുടങ്ങിയവ നഗരത്തിന് സമ്മാനിക്കുവാൻ നഗരസഭയക്കു കഴിഞ്ഞിട്ടുണ്ട്. നഗരത്തിലെ മുഴുവൻ വഴി വിളക്കുകളുടെയും എൽ ഇഡി വൽക്കരണം അന്തിമ ഘട്ടത്തിൽ ആണ്.




*മേയർ ആര്യ രാജേന്ദ്രൻ  യു എൻ ഗ്ലോബൽ ഹാബിറ്റാറ്റ് പുരസ്കാരവുമായി*

**നഗരത്തിലെ സ്റ്റാർട്ട് അപ്പ് പദ്ധതികളെയും, ചെറുകിട വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കാൻ പുതിയ പദ്ധതികൾ ഉണ്ടോ?**

സ്റ്റാർട്ടപ്പുകളുടെയും ചെറുകിട കച്ചവടക്കാരുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ധാരാളം പദ്ധതികൾ നഗരസഭ നടപ്പിലാക്കി വരികയാണ്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പലിശരഹിത വായ്പകളും ട്രെയിനിങ്ങുകളും സെമിനാറുകളും ജോബ് ഫെയറുകളും നടത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. തെരുവോര കച്ചവടക്കാർക്ക്  വായ്പകൾ നൽകി അവരുടെ വ്യവസായങ്ങളിൽ കൂടുതൽ ഉന്നമനം കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ നടത്തിയ പ്രവർത്തനത്തിന് കേന്ദ്രസർക്കാരിന്റെ പി എം സ്വാനിധി പുരസ്കാരം 2024  ലഭിച്ചു.

നഗരത്തിലെ പൊതുഗതാഗതം മെച്ചപ്പെടുത്താൻ നിലവിൽ രൂപീകരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം?

നഗരത്തിലെ പൊതു ഗതാഗതത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി 115 ഇലക്ട്രിക് ബസുകൾ നഗരസഭ വാങ്ങി കെ എസ് ആർ ടിസിക്ക് പ്രവർത്തനത്തിനായി നൽകിയിട്ടുണ്ട് .മെഡിക്കൽ കോളേജും നഗരത്തിലെ പ്രധാനപ്പെട്ട 6  സ്ഥലങ്ങളിലും പ്രീപെയ്ഡ് ഓട്ടോ കൗണ്ടർ നഗരസഭയുടെ കീഴിൽ പ്രവർത്തിപ്പിച്ചു വരുന്നു. സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിന് ട്രാഫിക് വാർഡന്മാരെയും നഗരസഭ വിനിയോഗിച്ചിട്ടുണ്ട്

**വിനോദ സഞ്ചാരികളെ ആകർഷിക്കാനായി നഗരത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ?**

വിനോദസഞ്ചാര മേഖലയിൽ തിരുവനന്തപുരം നഗരം സമാനതകൾ ഇല്ലാത്ത നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ലോകത്തിലെ ഏറ്റവും ആകർഷണീയമായ, കണ്ടിരിക്കേണ്ട 10 നഗരങ്ങളിൽ ഒന്നായി തിരുവനന്തപുരം നഗരത്തെ 2024 ൽ തിരഞ്ഞെടുക്കുകയുണ്ടായി. പൈതൃകവും വികസനവും സന്തുലിതമായി മുന്നോട്ടുപോകുന്ന ഏറ്റവും മനോഹരമായ നഗരങ്ങളിൽ ഒന്നാണ് നമ്മുടെ നഗരം. നഗരത്തിലെ പ്രധാന റോഡുകളെല്ലാം തന്നെ ബിഎംബിസി നിലവാരത്തിലേക്കും സ്മാർട്ട് റോഡുകളായും വികസിപ്പിച്ചെടുക്കുവാൻ  സാധിച്ചിട്ടുണ്ട്.  മാനവീയം വീഥി,പുത്തരിക്കണ്ടം മൈതാനം, ശ്രീചിത്ര പാർക്ക്, പൊന്നറ ശ്രീധരൻ പാർക്ക്, ക്യാപ്റ്റൻ ലക്ഷ്മി പാർക്ക് തുടങ്ങി മുഴുവൻ പാർക്കുകളും ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുവാനും നഗരത്തിൽ 10 ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുവാനും കഴിഞ്ഞിട്ടുണ്ട്. നഗരത്തിന്റെ എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് സമുച്ചയം, സുലഭ് ടോയ്‌ലറ്റുകൾ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. മാനവീയം, ശംഖുമുഖം തുടങ്ങിയിടങ്ങളിലൊക്കെ നൈറ്റ് ലൈഫ് പ്രോത്സാഹിപ്പിക്കുന്നതിനും നഗരത്തിലെ പ്രധാനപ്പെട്ട പാലങ്ങൾ ദീപാലങ്കൃതമാക്കി മനോഹരമാക്കുന്നതിനും നഗരസഭയ്ക്ക് സാധിച്ചിട്ടുണ്ട്.

# തളരേണ്ട, ഞങ്ങളുണ്ട് കൂടെ....

**നവമി ലെനിൻ ആർ**




*പാങ്ങപ്പാറ സി. എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ  എസ്.ഐ .എം..സി*

**പാങ്ങപ്പാറ:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിലെ പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന  സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (SIMC ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനും ആവശ്യമായ സേവനങ്ങൾ  നൽകി മുന്നേറുകയാണ്. സ്ഥാപനത്തിന്റെ ചെയർമാൻ സ്ഥാനം വഹിക്കുന്നത് വിദ്യാഭ്യാസ മന്ത്രിയും, വൈസ് ചെയർമാൻ സ്ഥാനം  വഹിക്കുന്നത് പൊതു വിദ്യാഭ്യാസ സെക്രട്ടറിയുമാണ്

പ്രൈമറി മുതൽ സെക്കൻഡറി വരെയുള്ള ക്ലാസുകൾ, പ്രീ-വൊക്കേഷണൽ പഠനങ്ങൾ ഉൾപ്പെടെയുള്ള കുട്ടികളുടെ  വൈവിധ്യമാർന്ന വിദ്യാഭ്യാസ ആവശ്യങ്ങളും താമസത്തിനും പഠനത്തിനും അനുയോജ്യമായ സൗകര്യങ്ങളും എസ ഐ എം സി  സാധ്യമാക്കുന്നുണ്ട്. 18 വയസ്സിന് മുകളിലുള്ള, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന, കുട്ടികൾക്ക് സ്വയംപര്യാപ്തതയും സാമ്പത്തിക സ്വാതന്ത്ര്യവും  കൈവരിക്കുന്നതിന് വേണ്ടി പ്രത്യേക വൊക്കേഷണൽ  പരിശീലന യൂണിറ്റുകൾ ഇവിടെയുണ്ട്.മെഴുകുതിരി കുട നിർമ്മാണം,ക്രാഫ്റ്റ് , ടെയിലറിംഗ് യൂണിറ്റ്,ഹാൻഡിക്രാഫ്റ്റ് കാർഷിക യൂണിറ്റ്,ബൈൻഡിംഗ് സ്ക്രീൻ പ്രിന്റിംഗ്,സോപ്പ് നിർമ്മാണം,ഖാദി യൂണിറ്റ്,കമ്പ്യൂട്ടർ ലാബ് എന്നിവയാണ് പ്രധാനം. ഒക്യുപ്പേഷണൽ തെറാപ്പി, ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി തുടങ്ങിയ വൈവിധ്യമാർന്ന തെറാപ്പി  യൂണിറ്റുകളും എസ ഐ എം സിയിൽ ഉണ്ട്.

18 വയസ്സിന് മുകളിലുള്ള കുട്ടികൾ വൊക്കേഷണൽ ട്രെയിനിംഗ്  സെന്ററിൽ ഉണ്ടാക്കിയ  വിവിധ ഉൽപ്പന്നങ്ങൾ എക്സിബിഷൻ മേളകളിലും, നേരിട്ടും വിറ്റു ലഭിച്ച തുകയും ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ഫീസ് ഇനത്തിൽ ലഭിച്ച  തുകയും ചേർത്ത് അഞ്ച് ലക്ഷം രൂപ വയനാട് ഉരുൾപൊട്ടലിൽ ദുരന്തം അനുഭവിക്കുന്നവർക്ക് വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകി സ്ഥാപനം കാരുണ്യത്തിന്റെ കരസ്പർശത്തിന് ഉത്തമ മാതൃക കാട്ടിയിരുന്നു.

സംസ്ഥാന  സർക്കാരിന്റെ സോളാർ സിറ്റി പദ്ധതിയുടെ ഭാഗമായി 100കിലോ വാട്ട് സൗരോർജ പ്ലാന്റ് സ്ഥാപിച്ചതിലൂടെ പ്രതിദിനം 400 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചു വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാൻ എസ ഐ എം സിയ്ക്കു കഴിഞ്ഞു.മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി മികച്ച ഭാവി ഒരുക്കാനായി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് അർഹമായ പരിഗണന സർക്കാരിന്റെ ഭാഗത്ത് നിന്ന് ലഭ്യമായത് സ്ഥാപനത്തിന്റെ വളർച്ചയെ നല്ല രീതിയിൽ സഹായിച്ചു.

## പുതിയ സെൻസറി ഇന്റഗ്രേഷൻ യൂണിറ്റ്

ഒക്യുപ്പേഷണൽ തെറാപ്പിയുടെ ഭാഗമായി ന്യൂറോ ഡെവലപ്പ്മെന്റൽ ഡിസോർഡേഴ്സുള്ള കുട്ടികൾക്കുള്ള ചികിത്സ രീതിയ്ക്ക് സഹായമാകുന്ന അത്യാധുനിക രീതിയിലുള്ള  സെൻസറി ഇന്റഗ്രേഷൻ യൂണിറ്റ് സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് നടപ്പാക്കുന്ന 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി ഈയിടെ സ്ഥാപിച്ചു.മേയർ  ആര്യ രാജേന്ദ്രനാണ്  ഉദ്ഘാടനം നിർവഹിച്ചത്.ന്യൂറോണുകളുടെ കൃത്യമായ ഉല്പാദനം നടക്കാത്തത് മൂലം ഉണ്ടാകുന്നതാണ് ന്യൂറോ ഡെവലപ്പ്മെന്റൽ ഡിസോർഡർ.ഓട്ടിസം സ്പെക്ട്രം ഡിസോർഡർ (എഎസ്ഡി), അറ്റൻഷൻ  ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റിവിറ്റി ഡിസോർഡർ (എഡിഎച്ച്ഡി), സെൻസറി പ്രോസസ്സിംഗ് ഡിസോർഡർ  എന്നിവ അവയിൽ ചിലതാണ്. ഈ ഡിസോർഡേഴ്സ് ബാധിച്ച കുട്ടികൾക്ക് വളരെ അധികം പ്രയോജനം ചെയ്യുന്നതാണ്




## ലോകസിനിമയുടെ പൈതൃകം സംരക്ഷിക്കാൻ അന്താരാഷ്ട്ര വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

**ഗായത്രി എൻ എസ്**

**തിരുവനന്തപുരം:** ലോകസിനിമയുടെ സുവർണ്ണകാലത്തെ ഓർമ്മപ്പെടുത്തുന്ന അപൂർവ്വ  അനുഭവമായി ഫിലിം പ്രിസർവേഷൻ & റിസ്റ്റോറേഷൻ വർക്ക്ഷോപ്പ് ഇന്ത്യ 2024 തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.

ഫിലിം  ഹെറിറ്റേജ് ഫൗണ്ടേഷനും ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഫിലിം ആർക്കൈവ്സ് (FIAF) ഉം ചേർന്ന് നവംബർ 7 മുതൽ 14 വരെ നടന്ന ഈ വർക്ക്ഷോപ്പിൽ ലോകമെമ്പാടുമുള്ള സിനിമാ പ്രേമികളും വിദഗ്ധരും പങ്കെടുത്തു. പഴയ സിനിമകളെ  പുനരുദ്ധാരണം ചെയ്ത് സംരക്ഷിക്കുന്നതിനുള്ള വിദ്യകൾ പങ്കുവെച്ചുകൊണ്ട് ലോക സിനിമയുടെ പൈതൃകം സംരക്ഷിക്കുക എന്നതായിരുന്നു ലക്ഷ്യം.

വർക്ക്ഷോപ്പിന്റെ ഭാഗമായി ശ്രീ തിയേറ്ററിൽ 4K പുനഃസ്ഥാപിച്ച സിനിമകളുടെ പ്രദർശനം മറ്റൊരു പ്രധാന ആകർഷണമായി. ദി ജനറൽ (1926), ക്യാമ്പ് ഡി തിയറോയ് (1988), ഷാഡോസ് ഓഫ് ഫോർഗോട്ടൻ ആൻസെസ്റ്റേഴ്സ് (1965), മന്ഥൻ (1976), 8½ (1963), ലെ സമുറായ് (1967) തുടങ്ങിയ ലോകസിനിമയിലെ  മികച്ച ചിത്രങ്ങൾ പ്രദർശിപ്പിച്ചു. വിവിധ രാജ്യങ്ങളിലെ സിനിമാ പൈതൃകത്തെക്കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും നടന്നു. ഈ വർക്ക്ഷോപ്പ്  ലോകസിനിമയുടെ പൈതൃകത്തെ സംരക്ഷിക്കുന്നതിൽ നിർണായകമായ നീക്കമായി വിലയിരുത്തി.

ചീഫ് എഡിറ്റർ : **ഡോ. രാജേഷ് കുമാർ ബി എം** | ഇഷ്യൂ എഡിറ്റർ : **മാഗി ജെ**

എഡിറ്റോറിയൽ ബോർഡ് :
ഡിസൈൻ & ലേഔട്ട് : **വൃന്ദ പി**
**ഗായത്രി എൻ എസ്**
**അജ്മൽ ഷാജി**
ചിത്രങ്ങൾ : **സിദ്ധാർഥ് വി എസ്**
എഡിറ്റോറിയൽ അസ്സിസ്റ്റൻസ് : **ഡോ. രഞ്ജിത്**

റിപ്പോർട്ടിങ് : **സീതാലക്ഷ്മി പി ബി**
**കൃഷ്ണപ്രഭ എ പി**
**മാനസ ആർ ബി**
**രഞ്ജന**
**നന്ദന രാജൻ എസ്**
**ഗോവിന്ദ് ജി എൽ**
**നവമി ലെനിൻ ആർ**
**സിദ്ധാർഥ് വി എസ്**

# കമ്പ്യൂട്ടറിനുള്ളിലെ കിളിക്കൂട്

**നവമി ലെനിൻ ആർ**

തിരുവനന്തപുരം: ജില്ലാ ശാസ്ത്രോത്സവത്തിൽ വ്യത്യസ്തമായൊരു കിളിക്കൂടുമായി എത്തിയിരിക്കുകയാണ് ജി എച്ച് എസ് കഴിവൂർ ഹൈസ്കൂളിലെ ഒൻപതാം ക്ലാസ്സ് വിദ്യാർഥി ആദർശ് രാജ്.

പാഴ് വസ്തുക്കളിൽനിന്നും മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം എന്ന വിഭാഗത്തിലാണ് ആദർശ് പങ്കെടുത്തത്. ആദർശിന്റെ കിളിക്കൂട് തടി കൊണ്ടോ, ഇരുമ്പ് കൊണ്ടോ ഉള്ളതല്ല, മറിച്ച് ഉപയോഗശൂന്യമായ കമ്പ്യൂട്ടറിൽ നിന്നാണ് കിളിക്കൂടുണ്ടാക്കിയിരിക്കുന്നത്. തത്തകളോടുള്ള ആദർശിന്റെ അടങ്ങാത്ത ഇഷ്ടം, പിന്നീട് വീട്ടിൽ തത്തകളെ വളർത്തുന്നത്തിലേക്കും അവയ്ക്കായി ഒരു കൂടൊരുക്കണം എന്ന ആശയത്തിലേക്കും നയിച്ചു. തന്റെ തത്തകൾക്കായി കൂടൊരുക്കിയതും ആദർശ് തന്നെയായിരുന്നു.

എന്നാൽ അവർക്കായി വ്യത്യസ്തരീതിയിൽ ഒരു കൂടുണ്ടാക്കണമെന്ന ആഗ്രഹത്തിൽനിന്നാണ് കമ്പ്യൂട്ടറിൽ കൂട് എന്ന ആശയമുണ്ടായത്.



*കിളികൂടുമായി ആദർശ്*

അനിമൽ പ്ലാനറ്റ് ചാനലിലൂടെ പക്ഷികളെപ്പറ്റി പഠിച്ചും അവരുടെ ഇനങ്ങൾ,പേരുകൾ, ഗുണങ്ങൾ തുടങ്ങിയവ കണ്ടു മനസ്സിലാക്കിയതിനു ശേഷമാണ് കൂട് നിർമാണം ആരംഭിച്ചത്.വീട്ടിൽനിന്നുള്ള ഉപയോഗ ശൂന്യമായ കമ്പ്യൂട്ടറിലാണ് ആദ്യപരീക്ഷണം.

ഇതു വിജയിച്ചതോടെയാണ് ആത്മവിശ്വാസം കൂടിയതെന്നും ആദർശ് പറഞ്ഞു. വീട്ടിൽ വളർത്തുന്ന രണ്ട് തത്തകൾക്കായി കൂടുണ്ടാക്കിയപ്പോൾ സന്തോഷമായെന്നും ആദർശ് പറഞ്ഞു. കുപ്പികളുടെ അടപ്പ് ഉപയോഗിച്ച് പലതരം വസ്തുക്കൾ ആദർശ് തന്റെ കലാവിരുതിൽ ഇതിനോടകം നിർമ്മിച്ചിട്ടുണ്ട്.

ഉപയോഗശൂന്യമായ വസ്തുക്കളെ ഫലപ്രദമായി പുനരുപയോഗിക്കാൻ കഴിയുന്ന ഉൽപന്നങ്ങൾ ആക്കുന്നത്തിലൂടെ പരിസ്ഥിതി സംരക്ഷണം എന്ന മികച്ച പാഠമാണ് ആദർശ് നൽക്കുന്നത്.പ്ലാസ്റ്റിക് മാലിന്യത്തെ പോലെ അല്ലെങ്കിൽ അതിലും ഭീകരമായ ആപത്തുകൾക്ക് കാരണമായേക്കാവുന്ന ഇ- മാലിന്യങ്ങളെ ശരിയായി സംസ്കരിക്കാൻ കൂടി വിമുഖത കാണിക്കുന്ന വേളയിൽ അവയെ പുനരുപയോഗിക്കാനുള്ള മാർഗ്ഗം കാണിക്കുകയാണ് ആദർശ്.

# K-LAMPS കേരള നിയമസഭയിലെ പാർലമെൻററി പഠന കേന്ദ്രം

**സിദ്ധാർഥ് വി എസ്**

**തിരുവനന്തപുരം:** കേരള നിയമസഭയിലെ പാർലമെന്ററി പഠന കേന്ദ്രമായ കേരളാ ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെൻററി സ്റ്റഡി സെന്റർ (K-L-A-M-P-S) നിയമനിർമ്മാണ പ്രക്രിയയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും പാർലമെൻററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനുമായി നിരവധി പുതിയ പരിശീലന പദ്ധതികൾ ആരംഭിച്ചിരിക്കുന്നു.

നിയമസഭാംഗങ്ങൾക്ക് നിയമനിർമ്മാണ പ്രക്രിയ, ബജറ്റ് രൂപീകരണം, ലെജിസ്ലേച്ചർ-എക്സിക്യൂട്ടീവ് ബന്ധം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുക, നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് അവരുടെ പ്രവർത്തനപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക, പാർലമെൻററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിന് പൗരന്മാർക്കും വിദ്യാർത്ഥികൾക്കുമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, വിദേശ പാർലമെൻറുകളുമായുള്ള സഹകരണം വർദ്ധിപ്പിക്കുകയും വിദേശ പാർലമെൻററി ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക എന്നിവയാണ് കേന്ദ്രത്തിൻറെ പ്രധാന ലക്ഷ്യങ്ങൾ.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങൾക്ക് ഓറിയന്റേഷൻ പ്രോഗ്രാമുകൾ, കാലികമായ നിയമനിർമ്മാണ വിഷയങ്ങളിൽ വർക്ക്ഷോപ്പുകളും സെമിനാറുകളും, പാർലമെന്ററി പ്രഭാഷണ പരമ്പര, പാർലമെന്ററി പ്രാക്ടീസിലും നടപടിക്രമങ്ങളിലും സർട്ടിഫിക്കറ്റ് കോഴ്സുകൾ, നിയമ വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ എന്നിവയാണ് കേന്ദ്രം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

പാർലമെൻററി പ്രാക്ടീസിലും നടപടിക്രമങ്ങളിലുമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളും ഇവിടെ വിദ്യാർത്ഥികൾക്ക് വേണ്ടി ഒരുക്കിയിട്ടുണ്ട്. പാർലമെൻറ് നടപടിക്രമങ്ങൾ പരിചയമില്ലാത്തവർക്കും പാർലമെൻറിൻറെ നടപടിക്രമങ്ങളും പഠിക്കാൻ താൽപ്പര്യമുള്ളവർക്കും വേണ്ടി രൂപകൽപ്പന ചെയ്ത ഒരു ബോധവൽക്കരണ പരിപാടിയാണിത്.

പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുക വഴി നിയമനിർമാണ പ്രക്രിയയെ കൂടുതൽ സുതാര്യവും ജനകീയവുമാക്കുക എന്നതാണ് കേന്ദ്രത്തിന്റെ ലക്ഷ്യം. ഈ പദ്ധതികൾ വഴി നിയമസഭാംഗങ്ങൾ, ഉദ്യോഗസ്ഥർ, പൗരന്മാർ എന്നിവർക്ക് പാർലമെന്ററി പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നേടാനും അവരുടെ പങ്കാളിത്തം വർധിപ്പിക്കാനും ഇതു കൊണ്ട് സാധിക്കും.

# മാറ്റങ്ങൾക്ക് ഒരുങ്ങി തിരുവനന്തപുരം മൃഗശാല

**രഞ്ജന**

**തിരുവനന്തപുരം:** ഇന്ത്യയിലെ തന്നെ ഏറ്റവും പഴക്കം ചെന്ന മൃഗശാലയാണ് തിരുവനന്തപുരം മൃഗശാല. പ്രകൃതി ദത്ത പ്രദേശങ്ങളുടെ സംരക്ഷണവും പ്രകൃതയിലൂടെ ജീവൻ നിലനിൽക്കുന്ന പ്രക്രിയകളും തമ്മിലുള്ള അടുത്ത ബന്ധം മനസ്സിലാകുന്ന ശക്തമായ വിദ്യാഭാസ ഉപകരണമായി ഇത് പ്രവർത്തിക്കുന്നു.ഇതിന്റെ ഭാഗമായി പുതിയ പല ഒരുക്കങ്ങളും നടത്തുകയാണ് മൃഗശാല. കർണാടകയിലെ ശിവമോഗ സുവോളജിക്കൽ പാർക്കിൽ നിന്ന് അനിമൽ എക്സ്ചേഞ്ച് പ്രോഗ്രാം വഴി തിരുവനന്തപുരം മൃഗശാലയിലേക്ക് പുതിയ മൃഗങ്ങളെ എത്തിച്ചു. മൂന്ന് കഴുതപ്പുലികൾ, രണ്ട് കുറുനരികൾ, രണ്ട് മാർഷ് മുതലകൾ, രണ്ട് മരപ്പട്ടികൾ, എന്നിവയെയാണ് തിരുവനന്തപുരം മൃഗശാലയിൽ എത്തിച്ചത്. ഇവയ്ക്ക് പകരമായി നാല് റിയ പക്ഷികൾ, ആറ് സൺ കോണ്വർ തത്തകൾ, രണ്ട് മീൻ മുതലകൾ, ഒരു കഴുതപ്പുലി, നാല് മുള്ളൻ പന്നികൾ എന്നിവയെ ശിവമോഗ സുവോളജിക്കൽ പാർക്കിലേക്ക് നൽകും. കൊണ്ടുവന്ന മൃഗങ്ങളെ മൃഗശാല വെറ്ററിനറി സർജൻ പരിശോധിച്ച് ഹോസ്പിറ്റലിനോട് അനുബന്ധിച്ചുള്ള ക്വാറന്റൈൻ കേന്ദ്രത്തിലേക്ക് മാറ്റി.

21 ദിവസത്തെ ക്വാറന്റൈന് ശേഷം ഇവയെ കാഴ്ചക്കാർക്ക് കാണാവുന്ന സാധാരണ കൂടുകളിലേക്ക് മാറ്റും. നിലവിൽ ആരോഗ്യ സ്ഥിതി തൃപ്തികരമാണെന്ന് വെറ്ററിനറി സർജൻ ഡോ. നികേഷ് കിരൺ പ്രതികരിച്ചു. ആകെ 91 ഇനം ജീവിവർഗങ്ങൾ ഉള്ള ലാർജ്ജ് സൂ ഗണത്തിൽപ്പെടുന്ന മൃഗശാല ആണ് തിരുവനന്തപുരം മൃഗശാല. ഇപ്പൊ എത്തിച്ച മൃഗങ്ങൾ കൂടെ ചേരുന്നതോടെ 94 ഇനങ്ങൾ ആയി മാറും മൃഗശാലയുടെ ജീവി സമ്പത്ത്. തുടർന്നും മറ്റു പല മൃഗശാലകളുമായി ആശയ വിനിമയം നടന്ന് വരികയാണെന്നും ഇതിൽ ചെന്നൈ വണ്ടല്ലൂർ സൂവുമായുള്ള എക്സ്ചേഞ്ച് നടപടിക്രമങ്ങൾ ഏറെ കുറെ പൂർത്തിയായെന്നും ഡയറക്ടർ മഞ്ജുളാ ദേവി അറിയിച്ചു. അവിടെന്ന് ഒരു സിംഹം, രണ്ട് ചെന്നായ്ക്കൾ, രണ്ട് വെള്ള മയിലുകൾ, ആറ് മഞ്ഞ അനാക്കോണ്ടകൾ എന്നിവയെ ആണ് എത്തിക്കുക. ഇതിനു പുറമെ ജിറാഫ്, സീബ്രാ എന്നിവയെ വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും നടന്നു വരുന്നുണ്ട്. അത് കൂടെ പൂർത്തിയാകുന്നതോടെ നൂറിൽ അധികം ജീവി വർഗങ്ങളുള്ള മൃഗശാലയായി തിരുവനന്തപുരം മൃഗശാല മാറും.

# ഓർക്കണ്ടേ നമ്മൾ ഇവരെയും...

**നന്ദന രാജൻ എസ്**

**തിരുവനന്തപുരം:** അച്ഛനും അമ്മയും ഉപേക്ഷിക്കുന്ന കുട്ടികളെയും, വിവാഹ ബന്ധം വേർപെടുത്തിയ ദമ്പതികളുടെ ഏറ്റെടുക്കാൻ ആളില്ലാത്ത കുട്ടികളെയും സംരക്ഷിക്കുന്ന സർക്കാർ കേന്ദ്രം ആയ ചിൽഡ്രൻസ് ഹോം. 18 വയസ് വരെ അവർക്ക് വേണ്ട വിദ്യാഭ്യാസം നൽകി സ്വയംപര്യാപ്തത കൈവരിക്കാൻ സഹായിക്കുന്നു.

സ്വന്തം കുടുംബത്തോടൊപ്പം അവരുടെ സ്നേഹ വാത്സല്യങ്ങൾ അനുഭവിച്ചു വളരാൻ ഭാഗ്യം കിട്ടാത്ത ഒരു കൂട്ടം നിഷ്കളങ്കരായ കുട്ടികൾ.

നവംബർ 14, ശിശുദിനം രാജ്യം ഒട്ടാകെ ഉള്ള കുസൃതി കുരുന്നുകളുടെ ദിനം. കുട്ടികളെ ഒത്തിരി സ്നേഹിച്ചിരുന്ന ഇന്ത്യ യുടെ ആദ്യത്തെ പ്രധാനമന്ത്രി നെഹ്റുവിന്റെ ജന്മദിനം. നാളത്തെ ഇന്ത്യയുടെ പ്രതീക്ഷകളാണ് ഓരോ കുട്ടികളും. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായ കുറച്ചു കുട്ടികളുമുണ്ട് സർക്കാർ വക ചിൽഡ്രൻസ് ഹോമിലും, ഒബ്സെർവഷൻ ഹോമിലും, ജൂവനൈൽ ഹോമിലും ജീവിക്കേണ്ടി വരുന്ന കുട്ടികൾ.

അവർക്ക് ഏല്ലാവർക്കും ഒരു അമ്മയുടെ കരുതൽ നൽകാൻ അവിടെ ഒരു വനിതാ ഉദ്യോഗസ്ഥയെ നിയമിച്ചിട്ടുണ്ട്. മറ്റു കുട്ടികളെ പോലെ വീട്ടുകാരുടെ കരുതലും, സ്നേഹവും, വാത്സല്യവും ഒന്നും ലഭിക്കുന്നില്ലെങ്കിലും ആ സാഹചര്യത്തിലും അവർ വളരുന്നുണ്ട് ഈ തണലിൽ, നാളത്തെ പുതു പ്രതീക്ഷകളായി.

ഇനി ഒബ്സെർവഷൻ ഹോമിലെയും ജ്യൂവനൈൽ ഹോം അഥവാ സ്പെഷ്യൽ ഹോമിലെയും കുട്ടികളെ കുറിച്ച് നോക്കാം.പല വിധ സാഹചര്യങ്ങൾ കൊണ്ടും, മോശം കൂട്ടു കെട്ടുകളിൽ പെട്ടു പോയത്കൊണ്ടും ഇവിടേക്ക് എത്തിപ്പെട്ടവർ.

അതിൽത്തന്നെ മിക്കവരും കടുത്ത മാനസിക സംഘർഷം നേരിടുന്നവരാണ്. ആത്മഹത്യ പ്രേരണയും ഇവർക്ക് ഇടയിൽ കണ്ടു വരുന്നുണ്ട്. പരസ്പരം അടിപിടിയിൽ ഏർപ്പെടുന്ന അക്രമ സ്വഭാവം ഉള്ളവരും ഉണ്ട് ഇവരുടെ കൂട്ടത്തിൽ.ഇവരിൽ ഭൂരിഭാഗം പേരും പഠിക്കാൻ താല്പര്യം പ്രകടിപ്പിക്കാറില്ല. താല്പര്യം ഉള്ളവർക്കു പഠിക്കാനുള്ള സൗകര്യം ഉണ്ട്. അവരിൽ നിന്ന് തന്നെ പത്തിലും, പ്ലസ് ടു വി ലും മുഴുവൻ A+ വാങ്ങിയവർ തൊട്ട് പോലീസ് ഉദ്യോഗസ്ഥർ ആയവർ വരെ ഉണ്ട്.17 വയസിൽ 2 വർഷത്തെ ശിക്ഷ ലഭിച്ച ഒരു കുട്ടി ഇവിടെ വന്നാൽ ഒരു വർഷം കഴിഞ്ഞ് 18 വയസ് പൂർത്തിയാവുമ്പോൾ സെൻട്രൽ ജയിലിലേക്ക് മാറ്റണം എന്നാണ് നിയമം. എന്നാൽ അവർ അങ്ങോട്ട് പോയാൽ പിന്നെ തിരിച്ചിറങ്ങുന്നത് കൊടും കുറ്റവാളികളുടെ ചിന്തകളോടെ ആയിരിക്കും. അത് അറിയാവുന്നത് കൊണ്ട് തന്നെ പ്രൊവിഷൻ ഓഫീസറുടെ പ്രത്യേക അധികാരം ഉപയോഗിച്ച് ഒരു വർഷത്തെ ശിക്ഷ ഇളവ് ചെയ്യാറാണ് പതിവ്.കുട്ടികൾക്ക് ഒരു ജയിൽ അന്തരീക്ഷം ഒഴിവാക്കാൻ വേണ്ടി അവിടെത്തെ ഉദ്യോഗസ്ഥർക്കോ,വാഡൻമാർക്കോ യൂണിഫോം ഇല്ല.

വർഷങ്ങൾക്ക് മുൻപ് കുട്ടികൾ ഭക്ഷണം കഴിക്കാൻ ആയി വരി നിൽക്കുന്നത് കണ്ട അന്നത്തെ ജില്ലാ ജഡ്ജിന്റെ ഉത്തരവ് പ്രകാരം ആണ് ഇന്ന് കാണുന്ന ഊണ് മേശ സംവിധാനത്തിലേയ്ക് എത്തിയത്.ശിക്ഷ കഴിഞ്ഞ് പുറത്ത് ഇറങ്ങിയാൽ അവരെ തൊഴിൽ പഠിപ്പിച്ച് സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുന്ന പദ്ധതികളും സർക്കാരിനുണ്ട്. ചെറിയ പ്രായത്തിലെ ഇത്തരം തെറ്റുകളിലേക്ക് എത്തിപ്പെടുന്ന കുട്ടികളെ ഇവിടെ വച്ചുതന്നെ തിരുത്തി നേരിന്റെ പാതയിലേക്ക് കൊണ്ട് പോകാൻ ഈ സ്ഥാപനം വഹിക്കുന്ന പങ്ക് വലുതാണ്.മോശം കൂട്ടുകെട്ടുകൾ കൊണ്ടും, അറിവില്ലായ്മ കൊണ്ട് അബദ്ധങ്ങൾ പറ്റിയും, വളരെ മോശമായ കുടുംബ പശ്ചാത്തലം കൊണ്ടുമൊക്കെ ഇവിടേക്ക് എത്തിപ്പെട്ടവർ ആണ് ഇവരിലേറെയും. ഈ ശിശു ദിനത്തിൽ ഓർമിക്കാം നമുക്ക് ഇവരെ കുറിച്ചും. തെറ്റുകൾ തിരുത്തി ചേർത്തുപിടിക്കാം, ഉത്തരവാദിത്വ ബോധമുള്ള രാജ്യത്തിന്റെ നല്ല പൗരന്മാരായി നാളെ അവരും മാറട്ടെ.

## ഇരുതലമൂരിക്ക് കാൻസർ ചികിത്സ

**വൃന്ദ പി**

തിരുവനന്തപുരം : മൃഗശാലയിൽ ഇരുതലമൂരിക്ക് അപൂർവമായ മാസ്റ്റർ സെൽ ട്യൂമർ എന്ന ക്യാൻസർ കണ്ടെത്തിയതിനെ തുടർന്ന് നൽകിയ ചികിത്സയിൽ പുരോഗതി . ദ്രവ ഭക്ഷണം എടുക്കാതെ അവശനിലയിൽ കണ്ടെത്തിയ പാമ്പിനെ , മൃഗ ഡോക്ടർമാരായ നികേഷ് കിരൺ, ഹരീഷ് സി., അശ്വതി വി. ജി. എന്നിവർ ബയോപ്സി പരിശോധന നടത്തി കാൻസർ സ്ഥിരീകരിച്ചിരുന്നു. ഈ രോഗത്തിന് കീമോതെറാപ്പി (Cyclophosphamide) ഉപയോഗിച്ച് ചികിത്സ നൽകിയതോടെ, മൂന്നാഴ്ച്ചയ്ക്കുള്ളിൽ പുരോഗതി കാണപ്പെട്ടു. സീ ടി സ്കാനിലും രോഗവ്യാപനം കുറയാൻ തുടങ്ങിയതായി കണ്ടെത്തിയിട്ടുണ്ട്. രോഗം പൂർണമായും ഭേദപ്പെട്ടാൽ, ഇത് മൃഗങ്ങളിൽ കാൻസർ ചികിത്സയ്ക്കുള്ള പുതിയ സാധ്യതകൾ തുറക്കാൻ സഹായിക്കുമെന്നും ഡോ.നികേഷ് കിരൺ അഭിപ്രായപ്പെട്ടു.

കളരി
31 ഡിസംബർ 2024
VOL: 47 | ISSUE: 01

# ജോലിഭാരം അതിരുകടക്കുമ്പോൾ

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ മത്സരബുദ്ധിയുള്ള ലോകത്ത്, സമ്മർദ്ദം എന്ന വാക്ക് നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യ ഭാഗമായി മാറിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ്, കടുത്ത മത്സരം, അതിവേഗത്തിലുള്ള ജീവിതശൈലി എന്നിവയെല്ലാം ചേർന്ന് നമ്മെ സമ്മർദ്ദത്തിന്റെ പിടിയിലാക്കുന്നു. ജോലിസ്ഥലത്തെ അമിതമായ പ്രവർത്തനഭാരം, കാലതാമസം വരുന്ന പ്രോജക്കുകൾ, സഹപ്രവർത്തകരുമായുള്ള പ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം സമ്മർദ്ദത്തിന് കാരണമാകുന്നു.

സമ്മർദ്ദം നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു. തലവേദന, ഉറക്കമില്ലായ്മ, പേശിവേദന തുടങ്ങിയ ശാരീരിക അസ്വസ്ഥതകൾ സമ്മർദ്ദത്തിന്റെ സാധാരണ ലക്ഷണങ്ങളാണ്. ഇതോടൊപ്പം, ഉത്കണ്ഠ, വിഷാദം, അസ്വസ്ഥത എന്നിവയുൾപ്പെടെയുള്ള മാനസിക പ്രശ്നങ്ങളും സമ്മർദ്ദം വർദ്ധിക്കുന്നതോടെ രൂക്ഷമാകുന്നു. ദീർഘകാലത്തേക്ക് സമ്മർദ്ദം അനുഭവിക്കുന്നത് രോഗപ്രതിരോധശേഷി കുറയ്ക്കുകയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിക്കുകയും ചെയ്യാം.

ബഹുരാഷ്ട്ര കൺസൾട്ടിംഗ് സ്ഥാപനമായ ഏൺസ്റ്റ് ആൻഡ് യങ്ങിൽ ചാർട്ടേഡ് അക്കൗണ്ടന്റ് ആയി പുനെയിൽ ജോലിയിൽ പ്രവേശിച്ച കൊച്ചി സ്വദേശി അന്നാ സെബാസ്റ്റിൻറെ മരണം ദേശീയതലത്തിൽ വരെ ചർച്ചയാവുകയും കേന്ദ്രസർക്കാറിന്റെ ഇടപെടലിന് വഴിയൊരുക്കുകയും ചെയ്തു.അമിത ജോലിഭാരവും ഓഫീസിലെ സമ്മർദ്ദവുമാണ് മകളെ മരണത്തിലേക്ക് നയിച്ചതെന്നും പുതിയ കോർപ്പറേറ്റ് സംസ്കാരത്തിന്റെ ഇരയാണ് തന്റെ മകൾ എന്നും അന്നയുടെ അമ്മ അനിത അഗസ്റ്റിൻ കമ്പനിക്ക് അയച്ച കത്തിൽ പറയുന്നു. ഒരു യുവതിയുടെ ജീവൻ അസ്വാഭാവികമായി അവസാനിച്ച സംഭവം, നമ്മുടെ സമൂഹത്തിൽ ജോലി സംസ്കാരത്തെക്കുറിച്ചുള്ള ഗൗരവമായ ചോദ്യങ്ങൾ ഉയർത്തുന്നു.

സമ്മർദ്ദം വ്യക്തിജീവിതത്തെയും സാമൂഹിക ബന്ധങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു. അമിതമായ ജോലിഭാരം കുടുംബത്തോടും സുഹൃത്തുക്കളോടും ചെലവഴിക്കേണ്ട സമയം കുറയ്ക്കുകയും അകൽച്ചയ്ക്ക് കാരണമാവുകയും ഇത് ബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തുകയും മാനസിക സംഘർഷങ്ങൾക്ക് വഴിമാറുകയും ചെയ്യുന്നു.

സമ്മർദ്ദം ഒരു സാധാരണ സംഭവമാണെങ്കിലും, അതിനെ നിയന്ത്രിക്കാൻ നാം ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. സമയം കാര്യക്ഷമമായി ഉപയോഗിക്കുക, ജോലിയും വ്യക്തിജീവിതവും തമ്മിൽ സന്തുലിതമായ സമയവിഭജനം നടത്തുക എന്നിവ സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കും. യോഗ, മെഡിറ്റേഷൻ, ശ്വസനവ്യായാമം പോലുള്ള സമ്മർദ്ദനിർമാർജ്ജനരീതികൾ പരിശീലിക്കുന്നതും ഗുണകരമാണ്. പോഷകസമ്പന്നമായ ആഹാരം, പതിവായി ഉറങ്ങുക, ശാരീകവ്യായാമം ചെയ്യുക എന്നിവയും സമ്മർദ്ദത്തെ നേരിടാൻ സഹായിക്കുന്ന ശീലങ്ങളാണ്. പ്രശ്നങ്ങൾ പങ്കിടാൻ മടിക്കരുത്. സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടും സംസാരിക്കുന്നത് മാനസികമായി ആശ്വാസം നൽകും. പ്രൊഫഷണൽ മാനസികോപചാരകരുടെ സഹായം തേടുന്നതും നല്ലതാണ്.

വ്യക്തിഗത തലത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളുണ്ടെങ്കിലും, സമ്മർദ്ദം ഒരു സമൂഹിക പ്രശ്നമായി കണ്ട് സമൂഹം മൊത്തത്തിൽ ഇതിനെ നേരിടേണ്ടതുണ്ട്. ജോലിസ്ഥലങ്ങളിൽ സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ജീവനക്കാരുടെ മാനസികാരോഗ്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്താവുന്നതുമാണ്.

അന്നയുടെ മരണം നമുക്ക് ഒരു താക്കീതായിരിക്കണം. ജോലിയുടെ പേരിൽ നമ്മുടെ ആരോഗ്യത്തെയും സുഖത്തെയും ബലിയർപ്പിക്കരുത്. ജീവിതം ജോലിയെക്കാൾ വളരെ വലുതാണ്. സന്തുലിതമായ ഒരു ജീവിതം നയിക്കാൻ നാം ശ്രദ്ധിക്കണം. സർക്കാരും കമ്പനികളും ചേർന്ന് ജീവനക്കാരുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അന്നയുടെ മരണം വെറും ഒരു സംഭവം മാത്രമല്ല, ഒരു പാഠമാണ്. അത് നമ്മൾ മറക്കാൻ പാടില്ല.

ജീവനക്കാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ വിശ്രമവും വിനോദവും ഉറപ്പുവരുത്തേണ്ടത് കമ്പനികളുടെ ഉത്തരവാദിത്വമാണ്. പല കമ്പനികളും ജീവനക്കാർക്ക് സമ്മർദ്ദം നേരിടാൻ സഹായിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി കൗൺസിലുകളും ആരോഗ്യകരമായ ഭക്ഷണ ക്രമീകരണങ്ങളും യാത്ര പാക്കേജുകളുമെല്ലാം നൽകിവരുന്നുണ്ട്.

# കത്തിക്കല്ലേ ഫൈൻ വരുമേ... പ്ലാസ്റ്റിക് എന്ന നിശബ്ദ വില്ലൻ...

**വൃന്ദ പി**

പ്രകൃതി സൗന്ദര്യത്തിന്റെ ആവിഷ്ക്കാരമാണ് കേരളം. സംസ്കാരം കൊണ്ടും പ്രകൃതി ഭംഗി കൊണ്ടും സമ്പന്നമായൊരിടം .എന്നാൽ പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ചിരുന്ന ശീലത്തിൽ നിന്നും പ്ലാസ്റ്റിക് ഉത്പന്നങ്ങളിലേക്ക് മാറുവാൻ അധികം സമയം വേണ്ടി വന്നില്ല. ഉപയോഗിക്കാൻ സൗകര്യപ്രദവും ഏറ്റവും ചിലവ് കുറഞ്ഞ നിർമാണ രീതിയും ഏത് രൂപത്തിലേക്കും മാറ്റാമെന്നതും പ്ലാസ്റ്റിക്കിനെ ദൈനംദിന ജീവിതത്തിൽ ഒഴിച്ച് കൂടാനാവാത്ത ഒന്നാക്കി മാറ്റുകയും ചെയ്തു.

എന്നാൽ സംസ്കരിക്കാൻ കഴിയാത്ത വിധം പ്ലാസ്റ്റിക് മാലിന്യങ്ങൾ കുമിഞ്ഞു കൂടാൻ തുടങ്ങിയപ്പോഴാണ്, അതിന്റെ അന്തരഫലത്തെ പറ്റി പലരും ചിന്തിച്ചു തുടങ്ങിയത്.അതിന്റെ അടിസ്ഥാനത്തിലാണ് 2016 ൽ കേരളം മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നവ കേരളം പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന് രൂപം നൽകിയത്.

മാലിന്യമുക്ത കേരളത്തിന് ഹരിത കേരളം, കുടുംബശ്രീ, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സഹകരണം ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുമ്പോഴും ശുചിത്വമിഷൻ പുറത്തുവിട്ട റിപ്പോർട്ടിലെ കണക്കുകൾ ഞെട്ടിപ്പിക്കുന്നവയാണ്. കേരളത്തിൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്നത് ഏകദേശം 43 ലക്ഷം ടൺ മാലിന്യമാണ് ഇതിൽ 18 ശതമാനവും പ്ലാസ്റ്റിക്കാണ്. 2020 ജനുവരിയിലാണ് സംസ്ഥാനത്ത് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന് നിരോധനം ഏർപ്പെടുത്തിയത്. എന്നാൽ പുനരുപയോഗ സാധ്യത ഇല്ലാത്ത ഇത്തരം പ്ലാസ്റ്റിക് അന്യ സംസ്ഥാനങ്ങളിൽ നിന്നും ധാരാളമായി കേരളത്തിലേക്ക് എത്തുന്നുണ്ട്. ഇത് പലവട്ടം നടപ്പാക്കാൻ ശ്രമിച്ച പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാകുന്നതിൽ തടസം സൃഷ്ടിച്ചു.









# ഉള്ളടക്കത്തിന്റെ ഉയിർത്തെഴുന്നേൽപ്പ്

**ഗായത്രി എൻ എസ്**

മലയാള സിനിമയിൽ ഉള്ളടക്കത്തിന്റെ ആധിപത്യം വർധിച്ചുകൊണ്ടിരിക്കുന്നത് ഇന്നത്തെ സിനിമാ ലോകത്തെ ഏറ്റവും വലിയ ചർച്ചാ വിഷയങ്ങളിൽ ഒന്നാണ്. മറ്റ് ഭാഷാ സിനിമകൾക്ക് മാതൃകയായി മാറിക്കൊണ്ടിരിക്കുന്ന മലയാള സിനിമ വളരെ ചുരുങ്ങിയ ബജറ്റിൽ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ സമ്മാനിക്കുന്നതിൽ മുന്നിലാണ്. 2024-ൽ ഈ പ്രവണത കൂടുതൽ ശക്തമായി അനുഭവപ്പെടുന്നു. ഭ്രമയുഗം, ആടുജീവിതം, കിഷ്കിന്ദാകാണ്ഡം, ലെവൽക്രോസ്സ്, പ്രഭയായി നിനച്ചതെല്ലാം, ആട്ടം, ആവേശം, മഞ്ഞുമ്മൽ ബോയ്സ്, കാതൽ തുടങ്ങിയ ചിത്രങ്ങൾ പ്രേക്ഷകരെയും നിരൂപകരെയും ഒരുപോലെ സംതൃപ്തരാക്കി. ഈ ചിത്രങ്ങളെല്ലാം തന്നെ വൻ ബജറ്റിൽ നിർമ്മിച്ച ചിത്രങ്ങളല്ലായിരുന്നു എന്നത് ശ്രദ്ധേയമാണ്.

ഉള്ളടക്ക പ്രാധാന്യമുള്ള സിനിമകൾ ആണ് മലയാളത്തിൽ നിന്നും കൂടുതലായും വരുന്നത് എന്നുമാത്രമല്ല, ഇതര ഭാഷ ചലച്ചിത്ര വ്യവസായ മേഖലകൾക്ക് മാതൃകയായിക്കൊണ്ടിരിക്കുകയാണ് മലയാളസിനിമ. വളരെ ചുരുങ്ങിയ ബഡ്ജറ്റിൽ നല്ല ക്വാളിറ്റി സിനിമകൾ മോളിവുഡിൽ നിന്ന് റിലീസാവുന്നത് 2024 സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ഈ വർഷം അത്രയേറെ സിനിമകളാണ് ബോക്സ്ഓഫീസിൽ വൻ വിജയമായി തീർന്നത്. അവ പണംവാരി ചിത്രങ്ങൾ എന്ന ലേബലിൽ അല്ലാതെ നിരൂപക പ്രശംസ പിടിച്ചുപറ്റുകയും ചെയ്തു.

ഉള്ളടക്കത്തിന് നൽകുന്ന പ്രാധാന്യം കൊണ്ട് മാത്രമല്ല, സമൂഹത്തിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലും മലയാള സിനിമ മുന്നിലാണ്. സമകാലിക സമൂഹത്തിലെ പ്രശ്നങ്ങൾ, മനുഷ്യബന്ധങ്ങൾ, സാമൂഹിക അനീതികൾ തുടങ്ങിയ വിഷയങ്ങളെല്ലാം തന്നെ മലയാള സിനിമയിൽ ചർച്ച ചെയ്യപ്പെടുന്നു. ഇത് പ്രേക്ഷകരിൽ ചിന്ത ഉണർത്തുകയും സമൂഹത്തെ മാറ്റാനുള്ള പ്രചോദനം നൽകുകയും ചെയ്യുന്നു.

മലയാള സിനിമ ഇന്ന് ഉള്ളടക്കത്തിന്റെയും സർഗാത്മകതയുടെയും ഉറവിടമായി മാറിയിരിക്കുന്നു. ചുരുങ്ങിയ ബജറ്റിൽ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ സമ്മാനിക്കുന്നതിലും, ലോകോത്തര ശ്രദ്ധ പിടിച്ചു പറ്റുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും, സമൂഹത്തെ പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങൾ സൃഷ്ടിക്കുന്നതിലും മലയാള സിനിമ മറ്റ് ഭാഷാ സിനിമകൾക്ക് മാതൃകയായി മാറിക്കൊണ്ടിരിക്കുന്നു. ഈ പ്രവണത തുടരുകയാണെങ്കിൽ, മലയാള സിനിമയ്ക്ക് ഇന്ത്യൻ സിനിമയുടെ ഭാവി നിർണയിക്കുന്നതിൽ നിർണായക പങ്കു വഹിക്കാനും അന്തർദേശിയ തലത്തിൽ തങ്ങളുടേതായ സ്ഥാനം ഊട്ടി ഉറപ്പിക്കാനും സാധിക്കും.

# കാശിയിൽ പാതി കൽപ്പാത്തി

രഞ്ജന

**കൽപ്പാത്തി:** നിളയുടെ തീരത്തെ പൈതൃക ഗ്രാമമാണ് കൽപ്പാത്തി. ഇവിടെ തനത് രീതികൾ പിന്തുടരുന്ന ഒരുപാട് പച്ചയായ തമിഴ് ബ്രാഹ്മണ കുടുംബങ്ങളെ നമുക്ക് കാണാം.സരസ്വതി ഗീതങ്ങളും കോലം ഇട്ട മുറ്റങ്ങളും പഴയ ഗ്രിഡ് സംവിധാനത്തിലുള്ള ഓട് വീടുകളെലാം കേരളത്തിന്റെ സാംസ്കാരിക ഗ്രാമത്തിന്റെ സാംസ്കാരിക ചരിത്രം വിളിച്ചോതുന്നു. കാശിയോട് സാമ്യം ഉള്ളതിനാൽ ഉത്തരകാശി എന്നും കൽപ്പാത്തി അറിയപ്പെടുന്നു വളരെ സൗമ്യരായ മനുഷ്യരും അന്തരീക്ഷവും ഉള്ള ഇവിടം തുലാം മാസം ആയാൽ ഉത്സവങ്ങളുടെയും സംഗീതക്കച്ചേരികളുടെയും വേദിയായും ദിനങ്ങൾ ആണ്.ലോക പ്രശസ്ത കൽപ്പാത്തി രഥോത്സവത്തിന്റെ നാളുകൾ ആണിവ.




*കൽപ്പാത്തി രഥോത്സവം.*

മുഗൾ ചക്രർത്തിമാരുടെ ക്രൂരതകളുടെയും ക്ഷാമത്തിന്റെയും ഫലമായി കാവേരി നദിയുടെ തീരത്ത് നിന്നും ചില വേദ പണ്ഡിതന്മാരും മറ്റുചിലരും കൂടി പാലക്കാട് ചുരം വഴി കൽപ്പാത്തിയിൽ എത്തുന്നു . കാവേരിയെ പോലെ നിറഞ്ഞൊഴുകുന്ന നിള അവരെ ആകർഷിച്ചു. നിളയുടെ തീരം കൃഷിക്ക് അനുയോജ്യമാണെന്ന് മനസ്സിലാക്കിയ അവർ അന്നത്തെ പാലക്കാട് സ്വരൂപത്തിലെ ശേഖര വർമ രാജാവിനെ കാണുകയും അദ്ദേഹം അതിന് അനുമതി നൽകുകയും ചെയ്തു. ചില ആഭ്യന്തര പ്രശ്നങ്ങളിൽ വേദ പണ്ഡിതന്മാരുടെ ആവശ്യം ഉണ്ടായിരുന്ന രാജാവിന് ഇത് വലിയൊരു ആശ്വാസമായിരുന്നു. പുതിയ കൽപ്പാത്തി , ഗോവിന്ദപുരം ,എന്നീ നദിതീരങ്ങളിലുള്ള സ്ഥലങ്ങളിൽ അവർ അഗ്രഹാരങ്ങൾ സ്ഥാപിക്കുകയുംലക്ഷ്മി അമ്മാൾ എന്ന ബ്രാഹ്മണ സ്ത്രീ കൊണ്ടുവന്ന ബാണലിംഗതെ പ്രതിഷ്ഠ ചെയ്ത് 1420 ൽ ശിവക്ഷേത്രം നിർമ്മിക്കുകയും ചെയ്തു.

രഥം എന്നത് തമിഴ് ക്ഷേത്രങ്ങളുടെ ഒരു പ്രധാന സവിശേഷതയാണ് .ക്ഷേത്രത്തിന്റെ അതേ പ്രാധാന്യം രഥങ്ങൾക്കും നൽകി വരുന്നു.ശാസ്ത്രീയവും ദൈവികവുമായി നിർമിക്കുന്ന രഥം പണിയു ന്നത് തൃഷാപള്ളിക്കടുത്ത് അരിവരംപൂർ എന്ന സ്ഥലത്തു നിന്നാണ്. മാനവശാസ്ത്രം എന്ന തത്വശാസ്ത്രതെ അടിസ്ഥാനമാക്കിയുള്ളതാണ് രഥം പണിയുന്നതിനുള്ള എല്ലാ കർമങ്ങളും കണക്കുകളും. തുലാം ഒന്ന് മുതൽ മുപ്പതു വരെ രഥോത്സവത്തിന്റെ ചടങ്ങുകൾ നീളുന്നു.

രഥം കൈകൊണ്ട് വലിക്കുമ്പോൾ ആഗ്രഹസാഫല്യവും മറ്റും ഉണ്ടാകും എന്നാണ് വിശ്വാസം.എന്നാൽ അത് വിശ്വാസങ്ങൾക്കും അതീതമാണ്. ജാതി മത ഭേദമന്യേ എല്ലാ ജനങ്ങളും ഒരുപോലെ കൊണ്ടാടുന്ന പാലക്കാടിന്റെ സ്വന്തം ഉത്സവമാണ് കൽപ്പാത്തി രഥോത്സവം.

## മനോരമ ന്യൂസ് കോൺക്ലേവ് 2024: മാറ്റത്തിന്റെ ശബ്ദങ്ങൾ

ഗായത്രി എൻ എസ്

**തിരുവനന്തപുരം:** മനോരമ ന്യൂസ് കോൺക്ലേവ് 2024 തലസ്ഥാന നഗരിയിൽ അരങ്ങേറി. വിവിധ മേഖലകളിലെ മാറ്റത്തിന്റെ പ്രതിനിധികളെ ഒന്നിപ്പിച്ച കോൺക്ലേവ് രാജ്യത്തെയും കേരളത്തെയും കുറിച്ചുള്ള വിപുലമായ ചർച്ചകൾക്ക് വേദിയായി.

പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്ത കോൺക്ലേവിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായിരുന്നു. 2014-നു ശേഷം രാജ്യം സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ വലിയ മാറ്റങ്ങൾ കണ്ടെന്ന് രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു.

കോൺക്ലേവിൽ സിനിമ, കുടിയേറ്റം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിവിധ മേഖലകളിലെ ചർച്ചകൾ നടന്നു. കേരളത്തിന്റെ മാറ്റത്തെക്കുറിച്ച് കെ.സി.വേണുഗോപാൽ, പി രാജീവ്, വി മുരളീധരൻ എന്നിവർ തങ്ങളുടെ വീക്ഷണങ്ങൾ പങ്കുവെച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങളെക്കുറിച്ച് ടോം ജോസഫ് സംസാരിച്ചു.

കാൻ ഗ്രാൻഡ് പ്രിക്സ് അവാർഡ് നേടിയ ഓൾ വി ഇമാജിൻ ആസ് ലൈറ്റ് എന്ന ചിത്രത്തിലെ താരങ്ങളെ ആദരിച്ചു. യുകെയിലെ ആദ്യ മലയാളി എംപി സോജൻ ജോസഫ് കുടിയേറ്റത്തെക്കുറിച്ചും, മണിപ്പൂരിലെ ഇന്നർ മണിപ്പുർ എംപി ബിമോൾ അക്കോയിജം സംഘർഷത്തെക്കുറിച്ചും സംസാരിച്ചു. കേരള ചീഫ് സെക്രട്ടറി വി. വേണുവും, നിയുക്ത ചീഫ് സെക്രട്ടറി ശാരദാ മുരളീധരനും അവർ വിഭാവനം ചെയ്യുന്ന മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

മൊത്തത്തിൽ, മനോരമ ന്യൂസ് കോൺക്ലേവ് 2024 വിവിധ മേഖലകളിലെ മാറ്റത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് വേദിയായി.




## പ്രതീക്ഷയുടെ മുഴക്കമായി പെരുമ്പറ

നവമി ലെനിൻ ആർ

**തിരുവനന്തപുരം:** പ്രശസ്ത ക്യാൻസർ വിദഗ്ധനായ ഡോ. വി. പി. ഗംഗാധരന്റെ ജീവിതം ആസ്പദമാക്കി, സംവിധായകൻ നിബു പേരേറ്റിൽ ഒരുക്കിയ ഹ്രസ്വചിത്രം പെരുമ്പറ ക്യാൻസർ രോഗബാധിതരുടെ ഹൃദയത്തിൽ പ്രതീക്ഷയുടെ ചിറകുകൾ വിടർത്തുന്നു. കേരളത്തിലെ ക്യാൻസർ ചികിത്സാ രംഗത്തെ നായകനായി അറിയപ്പെടുന്ന ഡോ. വിപി ഗംഗാധരന്റെ ജീവിതാനുഭവങ്ങളുടെ ദൃശ്യാവിഷ്കാരമാണ് പെരുമ്പറ. പെരുമ്പറ എന്ന ഹ്രസ്വ ചിത്രം , ക്യാൻസറിനെതിരായ കഠിന സമരത്തിനുള്ള പ്രചോദനം നൽകുന്നു.

സത്യജിത് റായ് ഫിലിം ഫെസ്റ്റിവലിൽ മികച്ച സാമൂഹ്യ പ്രതിബദ്ധതയുള്ള ചിത്രമായി പെരുമ്പറ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മികച്ച നടനായി അനീഷ് രവിയെ ആദരിച്ചു. വേൾഡ് മലയാളി കൗൺസിൽ ദുബായിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ സീമ ജി. നായർ മികച്ച നടിയ്ക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി.ന്യൂ ഇന്ത്യൻ ഫിലിം അക്കാദമിയുടെ മികച്ച നടൻ, മികച്ച സ്വഭാവ നടൻ,സ്വഭാവ നടി, സംവിധായകൻ തുടങ്ങിയ അവാർഡുകളും പെരുമ്പറ നേടി.

വർക്കലയിലെ സ്റ്റാർ തിയറ്ററിൽ വർക്കല എസ് എൻ കോളേജിലെ എൻഎസ്എസ് വിദ്യാർഥികൾ പെരുമ്പറയുടെ പ്രദർശനവും അതോടനുബന്ധിച്ചു ചർച്ചയും സംഘടിപ്പിച്ചിരുന്നു. ഡോ വി പി ഗംഗാധരനും ഈ പരിപാടിയുടെ ഭാഗമായി എത്തിച്ചേർന്നിരുന്നു.കേരളത്തിലുടനീളമുള്ള നൂറു കണക്കിന് ക്യാൻസർ വിന്നേഴ്സ് പെരുമ്പറയുടെ കാഴ്ചക്കാരായി ചടങ്ങിൽ ഒത്തുകൂടി. ഹ്രസ്വചിത്ര പ്രദർശനത്തിനോടൊപ്പം ഡോ. വി. പി. ഗംഗാധരന്റെ നേതൃത്വത്തിൽ ക്യാൻസർ രോഗത്തെക്കുറിച്ചും അതിനെ നേരിടാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സ് നടത്തുകയും ചെയ്തു.ക്യാൻസറിനെ നേരിടാനും പ്രതിരോധിക്കാനും കൂടുതൽ ധൈര്യം നൽകുന്നവയായിരുന്നു ഡോക്ടറിന്റെ വാക്കുകളെന്ന് ക്യാൻസർ വിന്നേഴ്സ് പ്രതികരിച്ചു. രോഗാവസ്ഥ മറച്ചുവയ്ക്കാൻ പാടില്ലെന്നും, രോഗിയെ ധൈര്യപ്പെടുത്തുകയും ജാഗ്രതപാലിക്കുകയുമാണ് വേണ്ടതെന്നും അദ്ദേഹം ചടങ്ങിൽ പറഞ്ഞു.

കേരളത്തിനകത്തും പുറത്തും ചിത്രത്തിന്റെ പ്രദർശനം തുടർന്നു വരികയാണ്. ക്യാൻസർ ഭയപ്പെടേണ്ട ഒരു വാക്കല്ല; ജാഗ്രതയും കരുതലുമാണ് വേണ്ടത് എന്ന സന്ദേശം പെരുമ്പറപ്രേക്ഷകർക്ക് നൽകുന്നു.ക്യാൻസർ രോഗികളുടെയും അവരുടെ ഉറ്റവരുടെയും ജീവിതത്തിലേക്കുള്ള പ്രത്യാശയുടെ വെളിച്ചമായി പെരുമ്പറ മാറുന്നു.

## ഗ്രാമീണ സാഹിത്യോത്സവം ദ്വാരകയിൽ

രഞ്ജന

**വയനാട്:**ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രാമീണ സാഹിത്യോത്സവമായ വയനാട് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ രണ്ടാം എഡിഷൻ ഡിസംബർ 27,28,29 എന്നീ തീയതികളിൽ മാനന്തവാടിയിലെ ദ്വാരകയിൽ നടന്നു.ബിനാലെ സങ്കല്പത്തിൽ ഒന്നിടവിട്ട വർഷങ്ങളിൽ ഡിസംബറിലെ അവസാന ആഴ്ചയിലാണ് വയനാട് സാഹിത്യോത്സവം സംഘടിപ്പിച്ചത്.

ഇന്ത്യയിലും വിദേശത്തുമുള്ള 250 ഓളം എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും ,സിനിമപ്രവർത്തകരും ഈ വർഷത്തെ സാഹിത്യോത്സവത്തിൽ പങ്കെടുക്കുത്തു.വയനാട്ടിലെ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ഒരു സമശ്വാസമായിട്ടാണ് സാഹിത്യോത്സവം നടത്തിയത്.

സംവാദങ്ങൾ, സംഭാഷണങ്ങൾ, പ്രഭാഷണങ്ങൾ, കഥയരങ്ങ്, കവിയരങ്ങ് എന്നീ വിവിധ പരിപാടികളിലായി സാഹിത്യരംഗത്ത് പ്രവർത്തിക്കുന്നവരും, സാമൂഹിക പ്രവർത്തകരും സാഹിത്യോത്സവത്തിൽ പങ്കെടുത്തു.അന്താരാഷ്ട്ര അക്കാദമിക കോൺഫറൻസും ഇത്തവണത്തെ ഫെസ്റ്റിവലിന്റെ ഭാഗമായി സംഘടിപ്പിച്ചു.വിവിധ അക്കാദമിക്ക് തലങ്ങളിൽ പ്രവർത്തിക്കുന്നവരും ചരിത്രജ്ഞരും കോൺഫറൻസിൽ പങ്കെടുത്തു.




*സാഹിത്യോത്സവത്തിന്റെ ഉദ്ഘാടന വേദിയിൽ നിന്ന് വിനോദ് കെ ജോസും മറ്റു സംഘടകരും*

സാഹിത്യോത്സവത്തോടനുബന്ധിച്ച് അഖിലേന്ത്യാ ആർട് ആൻഡ് ക്രാഫ്റ്റ് ഫെയർ, ഫിലിം ഫെസ്റ്റിവൽ, പുസ്തക മേള, ഭക്ഷ്യമേള, കാർഷിക വിപണി, പൈതൃക നടത്തം, ആർട് ബിനാലെ, കുട്ടികളുടെ വിനോദ-വിജ്ഞാനക്കളരി, ചെസ്സ് ടൂർണമെന്റ്, ഫാഷൻ, ഫോട്ടോഗ്രഫി, സംരംഭകത്വം എന്നിവയിൽ മാസ്റ്റർ ക്ലാസുകൾ, കേരളത്തിലെ ഏറ്റവും മികച്ച കോളേജ് മാഗസിൻ പുരസ്കാരം, ഫോട്ടോഗ്രാഫി പുരസ്ക്കാരം എന്നിവയും സാഹിത്യോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. കാരവൻ മാഗസിന്റെ മുൻ എഡിറ്ററായിരുന്ന ഡോ. വിനോദ് കെ. ജോസാണ് ഇത്തവണത്തെ വയനാട് സാഹിത്യോൽസവത്തിന്റെ ഫെസ്റ്റിവൽഡയറക്ടർ. എഴുത്തുകാരനും വിവർത്തകനുമായ ഡോ. ജോസഫ് കെ. ജോബ്, പത്രപ്രവർത്തക ലീന ഗീതാ രഘുനാഥ്, എഴുത്തുകാരൻ വി.എച്ച്. നിഷാദ് എന്നിവരാണ് മേൽനോട്ടം വഹിച്ചത്

വയനാടിന്റെ തിരിച്ചുവരവിന് പുതുപ്രതിക്ഷകൾ നൽകിയാണ് സാഹിത്യയോത്സവം പര്യവസാനിച്ചതു. വയനാട് ആകെ തകർന്നുപോയെന്നും ഇവുടങ്ങളിലെ മനോഹരകാഴ്ചകൾക്ക് നിറം മങ്ങിയെന്നുമുള്ള തെറ്റിദ്ധാരണകൾ മാറ്റിയെടുക്കാനും സാഹിത്യോത്സവത്തിനു സാധിച്ചു. ടൂറിസംമേഖലയിലെ മാന്ദ്യം മാറ്റിയെടുക്കാനും വയനാടിന്റെ സാമ്പത്തികമേഖലയിൽ പുത്തനുണർവു പകരാനും നൂതനവും വ്യത്യസ്തവുമായ പരിപാടികളിലൂടെ നഷ്ടപെട്ട പ്രതാപം തിരിച്ചുപിടിക്കാനുമുള്ള നല്ല അവസരമായിട്ടാണ് ഈ സാഹിത്യോത്സവത്തെ കാണുന്നതെന്നും ക്യൂറേറ്ററായ വി എച്ച്.നിഷാദ് പറഞ്ഞു.

വയനാടിന്റെ ചെറുത്തുനിൽപ്പിനും തിരിച്ചുവരവിനും പുതുപ്രതീക്ഷകളേകി സാഹിത്യോത്സവം സമാപിച്ചതിന്റെ സന്തോഷത്തിലാണ് ജനങ്ങളും സംഘടകരും.

# ചായ കുടിക്കാൻ പോയാലോ.....?

ചിത്രങ്ങൾ: സിദ്ധാർഥ് വി എസ്






ക്യാമ്പസ്സിന്റെ ചുറ്റുപാടുകളിലായി ചെറിയ തട്ടുകടകൾ തുടങ്ങി കഫേകൾ വരെ ഒട്ടേറെ രുചിയിടങ്ങൾ, അവ ഓരോന്നും വൈവിധ്യമാർന്ന സംസ്കാരങ്ങളുടെയും കാഴ്ചപ്പാടുകളുടെയും കൂടിച്ചേരലിന്റെ ഇടങ്ങളാണ്.ഒരു ദിവസത്തെ ചൂടുപിടിച്ച ചർച്ചകളും ഓട്ടപാച്ചിലുകളും ഒരു കപ്പ് ചായയിൽ അവസാനിപ്പിക്കുമ്പോൾ ക്യാമ്പസ്സിന്റെ പ്രിയപ്പെട്ട ചായ സ്പോട്ടുകളിലൂടെയും രുചിയുടെ വിസ്മയലോകങ്ങളിലൂടെയും ഒരു യാത്ര.....













കുഴിമന്തി
RESTAURANT
CHINESE
INDIAN
ARABIC
KUZHIMANTHI
Thalassery Kalyana Biriyani
SHAWAI
TEA & COFFEE
FRESH JUICE


AVIL MILKS
Unlimited Biriyani
biriyani hut
banavil
AVIL MILK


TEA EMPIRE
GOVERNMENT COLLEGE


HOTEL
HOT SPOT


MAGGI
Technopark
Airport


the ROADLER
KL09AU7553
MOMOS


Dessi Cuppa
Combo Offer

# കായികം

## കേരളത്തിൽ ആദ്യത്തെ ദിവ്യാംഗ ടെന്നീസ് ബോൾ ക്രിക്കറ്റ് ടൂർണമെന്റ്

**അജ്മൽ ഷാജി**



*ജേതാക്കളായ വി സ് ലെജന്റ്സ് വിജയ കിരീടവുമായി.*

**തിരുവനന്തപുരം:** തിരുവനന്തപുരത്തെ ഡെബ്യൂ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് സംഘടിപ്പിച്ച ആദ്യത്തെ അഖില കേരള ദിവ്യാംഗ ടെന്നീസ് ബോൾ ക്രിക്കറ്റ് ടൂർണമെന്റ് സെൻട്രൽ സ്റ്റേഡിയത്തിൽ നടന്നു. ഈ ടൂർണമെന്റ് കായികരംഗത്തെ ഉൾക്കൊള്ളലുകൾ പ്രോത്സാഹിപ്പിക്കുന്നതിൽ ഒരു വഴിത്തിരിവായി. ബാറ്റ് സ്പാ എക്സ്ഐ, വി എസ് ലെജൻഡ്, ഫാബുലസ് തിരുവനന്തപുരം, മൈക്ക് എക്സ്ഐ കൊച്ചി എന്നീ നാല് ടീമുകൾ ടൂർണമെന്റിൽ പങ്കെടുത്തു.

വി എസ് ലെജൻഡ്സും ഫാബുലസ് തിരുവനന്തപുരവും തമ്മിലുള്ള ഫൈനലിൽ വി എസ് ലെജൻഡ്സ് വിജയിച്ചു. ടീമുകളുടെ പ്രകടനവും കായികതപസ്സും പ്രേക്ഷകരെ ആവേശഭരിതരാക്കി.

ബിനീഷ് കോടിയേരി, മുരളി മോഹൻ നായർ എന്നിവർ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. കായികരംഗത്തെ ഉൾക്കൊള്ളലിന്റെ പ്രാധാന്യവും ദിവ്യാംഗർക്ക് കൂടുതൽ അവസരങ്ങൾ നൽകേണ്ടതിന്റെ ആവശ്യകതയും അവർ ഊന്നിപ്പറഞ്ഞു. തിരുവനന്തപുരം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ (TDCA) പ്രസിഡന്റ് അഡ്വ കെ കെ രാജീവ്, ട്രഷറർ രഘു എന്നിവർ വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

ഫിലിപ്പ് സി ജേക്കബ് ടൂർണമെന്റ് മെന്ററായും, ഷിബു എസ് ജനറൽ കൺവീനറായും, പ്രവീൺ വി എസ് ദേവ് ചീഫ് കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചു. നിഥിൻ ജേക്കബ് ഫിലിപ്പ് ടൂർണമെന്റ് കമ്മിറ്റി ചെയർമാനും റഹുൽ എസ് എ ഡെബ്യൂ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ സെക്രട്ടറിയുമായിരുന്നു.

ഫൈനലിലെ പ്ലെയർ ഓഫ് ദ മാച്ച് സനോജ് മനയിൽ (വി എസ് ലെജൻഡ്സ്) ആയിരുന്നു. ഈ ടൂർണമെന്റ് ദിവ്യാംഗരുടെ കഴിവുകൾ പ്രദർശിപ്പിക്കുക മാത്രമല്ല, കായികരംഗത്തെ ഉൾക്കൊള്ളലിനെക്കുറിച്ച് അവബോധം വളർത്തുകയും ചെയ്തു. ക്ലബ് ഇത്തരം പരിപാടികൾ ഭാവിയിൽ ഇനിയും സംഘടിപ്പിക്കുമെന്നും, ദിവ്യാംഗരുടെ കായിക താത്പര്യങ്ങൾക്ക്വേണ്ടി നിലകൊള്ളാനാണ് ആഗ്രഹിക്കുന്നതെന്നും വ്യക്തമാക്കി.

## ക്യാമ്പസ്സിന്റെ അഭിമാനം

**അജ്മൽ ഷാജി**

**തിരുവനന്തപുരം:**കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിന്റെ വലിയ പ്രത്യേകതകളിലൊന്നാണ് പഠനം പോലെ തന്നെ കായിക പരിശീലനങ്ങൾക്കും തുല്യ പ്രാധാന്യം നൽകുക എന്നത്. ഇതിലൂടെ വിദ്യാർത്ഥികളിൽ ചിട്ടയുള്ള ജീവിതശൈലി ഉയർത്തികൊണ്ടുവരാൻ സാധിക്കുന്നു. പാഠ്യപദ്ധതിയിലുള്ള കായിക മേഖലയെ വളരെ ഗൗരവത്തോടെയാണ് വിദ്യാർത്ഥികൾ വീക്ഷിക്കുന്നത്.

ഈ അദ്ധ്യാന വർഷം നടന്ന ഇന്റർ കൊളീജിയേറ്റിൽ ലെ വിവിധ മത്സര ഇനങ്ങളിൽ സർവകലാശാലയെ പ്രതിനിധീകരിച്ച മത്സരാർത്ഥികളിൽ ഭൂരിഭാഗവും ജേതാക്കളായാണ് തിരികെ എത്തിയത്. വ്യക്തിഗത ഇനങ്ങളിലും ഗ്രൂപ്പിനങ്ങളിലും മിന്നും പ്രകടനങ്ങളാണ് വിദ്യാർത്ഥികൾ കാഴ്ച്ചവെച്ചത്. സ്വർണ മെഡൽ ജേതാക്കൾക്ക് അന്തർ സർവകലാശാല ചാമ്പ്യൻഷിപ്പിന് അവസരം ലഭിക്കുകയും ചെയ്തു.

### സ്വർണ്ണ മെഡൽ ജേതാക്കൾ



നിഖിൽ രാജ്



സ്നേഹ ജെ എസ്



മയൂഖ എൻ



ഐശ്വര്യ എം എസ്



യൂണിവേഴ്സിറ്റി തലത്തിൽ സ്വർണം നേടിയ ചെസ്സ് ടീം



യൂണിവേഴ്സിറ്റി തലത്തിൽ സ്വർണം നേടിയ കേരള സർവകലാശാല യോഗ ടീം.

## പോരാട്ടം തുടരുന്നു....

**വൃന്ദ പി**




*അത്‌ലറ്റ് സനീഷ് പി*

**കാര്യവട്ടം:** കായിക മേഖലയിൽ തന്റെതായ പരിശ്രമം കൊണ്ട് കഴിവ് തെളിയിച്ച വ്യക്തിയാണ് തിരുവനന്തപുരം സ്വദേശി സനീഷ്. 2018 ശ്രീലങ്കയിൽ വച്ച് നടന്ന സാഫ് ജൂനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണവും ഏഷ്യൻ ജൂനിയർ ചാമ്പ്യൻഷിപ്പിൽ വെങ്കലവും നേടി ഇന്ത്യയുടെ അഭിമാന താരമായി മാറിയിട്ടും, കായികരംഗത്ത് അദ്ദേഹത്തിന് അർഹമായ ഒരു തൊഴിലോ വേണ്ടത്ര പരിഗണനയോ ഇനിയും ലഭിച്ചിട്ടില്ല.

ഇന്ത്യൻ കായികരംഗത്തെ മലയാളി താരങ്ങളുടെ സാന്നിധ്യം അനുദിനം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കേരളത്തിലെ കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനും അവരെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനും സർക്കാരിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടികളും ഉണ്ടാകുന്നില്ല. ഇത്തരം ഒരു സാഹചര്യത്തിൽ സുരക്ഷിതമായ ഒരു ജോലിക്കു വേണ്ടി പോരാടുകയാണ് സനീഷ്.

അതിനുവേണ്ടി വർഷങ്ങളായി പരിശ്രമിക്കുകയും, അപേക്ഷകളും മറ്റും നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും അതിൽ ഇനിയും നടപടികളൊന്നും ഉണ്ടായിട്ടില്ല.

കായികരംഗത്തെ വിവിധ മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള താരങ്ങൾക്കായി പ്രതിവർഷം സർക്കാർ നീക്കി വെച്ചിട്ടുള്ളത് 50 സ്പോർട്സ് കോട്ട നിയമനങ്ങളാണ്. കണക്കുകൾ പ്രകാരം 2015 മുതൽ 2019 വരെയുള്ള 250 ഒഴിവുകളിൽ ഒരെണ്ണം മാത്രമാണ് സർക്കാർ നികത്തിയിട്ടുള്ളത്



**കേരള സർവകലാശാല ടെന്നീസ് ടീം**

## ടെന്നീസിലും കേരള മുന്നോട്ട്

**അജ്മൽ ഷാജി**

**തിരുവനന്തപുരം:** കേരള സർവകലാശാലയ്ക്ക് എല്ലാ കായിക മേഖലകളിലും ദീർഘകാലമായി ശക്തമായ പാരമ്പര്യമുണ്ട്. ടെന്നീസും അതിൽ ഒന്നാണ്.സർകവലാശാല വർഷം തോറും ഇന്റർ കൊളീജിയേറ്റ് ടൂർണമെന്റുകൾ സംഘടിപ്പിക്കുകയും, അതിൽ ഏറ്റവും മികച്ചവർ ദക്ഷിണ മേഖല ഇന്റർയൂണിവേഴ്സിറ്റിയിൽ സർവകലാശാലയെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. റെയ്ച്ചൽ തോമസിന്റെ നേതൃത്വത്തിലുള്ള കേരള സർവകലാശാല ടെന്നീസ് ടീമിൽ അഞ്ച് സമർപ്പിത കളിക്കാ ഉണ്ടായിരുന്നു. മാർ ഇവാനിയോസ് കോളേജിലെ ബിരുദ വിദ്യാർത്ഥികളായ സബ്രിനാഥ്, അദ്വൈത്, ആദിത്യൻ, ആദർശ്,കൂടാതെ കേരള സർവകലാശാലയിൽ ജർമ്മൻ ഭാഷയിൽ ബിരുദാനന്തരബിരുദം ചെയ്യുന്ന സഞ്ജയ് എന്നിവരായിരുന്നുമത്സരാർത്ഥികൾ..ക്വാർട്ടർഫൈനലിൽ കാലിടറിയെങ്കിലും മുൻ വർഷങ്ങളേക്കാൾ മികച്ച പ്രകടനം മത്സരാർത്ഥികൾ കാഴ്ച വെച്ചു